നളിനി

(അല്ലെങ്കിൽ

ഒരു സ്നേഹം.

എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

നളിനി

(അല്ലെങ്കിൽ

ഒരു സ്നേഹം.

എൻ. കുമാരൻ ആശാൻ.

8-ാം പതിപ്പു് കാപ്പി—4000.

പകർപ്പവകാശം.

—:*:—

V. V. Press, Quilon.

1106.

...രുടെ ഒപ്പില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

മുഖവുര

B/5743

ഞാൻ "നളിനി" എഴുതാൻ ആരംഭിച്ചിട്ടു മൂന്നുകൊല്ലത്തിനു മേലാകും. 'മിതവാദി'യിൽനിന്നു് എന്റെ 'വീണപൂവ്' പകർത്തി എഴുതി സി. എസ്. സുബ്രഹ്മണ്യൻപോറ്റി ബി. ഏ. അവർകൾ 'ഭാഷാപോഷിണി'യിൽ പ്രസിദ്ധപ്പെടുത്തിയ കാലത്താണു് ഞാൻ ഇതു തുടങ്ങിയതു്. പിന്നെ പല അസൗകര്യങ്ങളാലും പൂർത്തിയാകാതെ കിടക്കുന്ന ഏതാനും ഖണ്ഡകൃതികൾ അടങ്ങിയ എന്റെ നോട്ടുപുസ്തകവനത്തിൽ വളരെക്കാലം തപസ്സുചെയ്തശേഷം ഈ കൃതിയിൽ പ്രത്യേകമുള്ള എന്റെ 'ഒരുസ്നേഹം'കൊണ്ടും 'ബി. വി. ബുക്കഡിപ്പോ'ക്കാരുടെ ഉത്സാഹംകൊണ്ടുമാണു് കഴിഞ്ഞ ഇംഗ്ലീഷ് വർഷാവസാനത്തോടുകൂടിയെങ്കിലും 'നളിനി'ക്കു 'ദിവാകര'സംസർഗ്ഗമുണ്ടാവാൻ ഇടയായതു്.

അവതാരികയിൽ പറയുന്നതുപോലെ ഇതു് ഒരു പുതിയ പ്രസ്ഥാനമാണെന്നും, അതുകൊണ്ടു് ഇപ്പോഴത്തെ കവിതാഗതി അനുസരിച്ചു് ഇതിൽ സാധാരണ വായനക്കാർക്കു് അഭിരുചി [illegible]ന്നും എനിക്കു സംശയം തോന്നി. അ[illegible] ഇതിൽ അടങ്ങിയ ആശയങ്ങളെ ഏതാണ്ടു വെളിപ്പെടുത്തി വായനക്കാരുടെ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒരു അവതാരിക എഴുതിച്ചേർത്താൽ വളരെ പ്രയോജനകരമായിരിക്കുമെന്നു് ഞാൻ വിചാരിച്ചു. ആ ഉദ്ദേശം മഹാപണ്ഡിതനും, മഹാകവിയുമായ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ തിരുമനസ്സിലെക്കൊണ്ടു നിർവഹിപ്പി

Digitized By Kerala Sahitya Akademi

ക്കണമെന്ന എൻെറ അനുഗ്രഹത്തെ അവിടെ അറിവിക്കയും, സൗജന്യനിധിയായ അവിടുന്ന് അതു സന്തോഷപുരസ്സരം സമ്മതിക്കയും ചെയ്തു. അവതാരിക സംക്ഷിപ്തമാണെങ്കിലും ഇതിൽ കവിമര്യാദ അനുസരിച്ചു മൂടിവച്ചിരുന്ന മുഖ്യസ്ഥാനങ്ങളിൽ എല്ലാം മർമ്മജ്ഞനായ അവിടത്തെ വിരലുകൾ നൈപുണ്യത്തോടെ പ്രവേശിച്ചിരിക്കുന്നതായി കാണുന്നതിൽ എനിക്കു വലിയ ചാരിതാർത്ഥ്യം തോന്നുന്നു.

ശബ്ദസംബന്ധമായ നിർബന്ധങ്ങളിൽ ച[illegible] ഒഴിവാക്കിയിരുന്നെങ്കിൽ മാററുകൂടുമായിരുന്നില്ലേ എന്ന് അവതാരികയിൽ ശങ്കിക്കുന്നു. അതുകൊണ്ട്, ഈ കവിതയിൽ സർവ്വത്ര കാണുന്ന ദ്വിതീയാക്ഷര പ്രാസ നിർബന്ധത്തിൻേറയോ മററോ സന്താനമായി വല്ല അസാരസ്യമോ അർത്ഥഗ്രഹണവിളംബമോ ഒക്കെ വല്ലദിക്കിലും വന്നിട്ടുള്ളതായി തിരുമനസ്സിലേക്കു തോന്നിയിരിക്കണം. ആ ന്യൂനതയെ ഞാൻ സമ്മതിക്കുന്നു.

എൻെറ അപേക്ഷയെ സ്വീകരിച്ചു പുസ്തകം മുഴുവൻ സശ്രദ്ധം വായിച്ചുനോക്കി ഈ സരസമായ അവതാരിക എഴുതാൻ ദയയുണ്ടായ തിരുമനസ്സിലേക്കു ഞാൻ എന്നും കൃതജ്ഞനാണ്. ബി. വി. ബുക്കുഡിപ്പോക്കാരോടെനിക്കും ഇതിൻെറ പ്രസിദ്ധീകരണവിഷയത്തിൽ എനിക്കുള്ള കൃ ഒട്ടും കുറഞ്ഞതല്ല. ഈ മുഖവുരയോടുകൂടി 'നളിനി'. സഹൃദയരായ വായനക്കാരുടെ മുമ്പാകെ അയച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
29-10-1911. } എൻ. കുമാരൻ ആശാൻ.

Digitized By Kerala Sahitya Akademi

അവതാരിക.

ഗതാനുഗതികത്വത്തേക്കാൾ നവനവോല്ലേഖകല്പനയിലാണ് കവികൾ അധികം ദൃഷ്ടിവെക്കേണ്ടതെന്ന് ഈ ഖണ്ഡകാവ്യം വായിക്കുന്നവർക്ക് നല്ലവണ്ണം ബോധപ്പെടും. ഇക്കാലത്തെ കവിതാഗതി നോക്കുമ്പോൾ ഇതൊരു പുതിയ പ്രസ്ഥാനമാണെന്നതിന് സംശയമില്ല.

വാസനയുണ്ടെങ്കിൽ 'അമ്പലും അമ്പിളിയും വണ്ടും തണ്ടാരും' എല്ലാംകൂടി ഒന്നിച്ചും വെവ്വേറെയും കൂട്ടുമിണ്ടും വെച്ചുകെട്ടാതെതന്നെ നല്ല അലങ്കാരങ്ങൾ ഉണ്ടാക്കാമെന്നും … പുതിയ മോടികൊണ്ട് കവിതയ്ക്ക് ഭംഗി കൂട്ടലല്ലാതെ കുറവു വരികയില്ലെന്നും ഈ ചെറിയ കാവ്യം ധാരാളം കാണിച്ചിട്ടുണ്ട്. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായ മഹാകവികളുടെ കൃതികളിൽ ഗൂഢമായിട്ടെങ്കിലും അന്തർഭവിക്കാത്ത ആശയങ്ങൾ ദുർല്ലഭമായാലും കണ്ടാലറിയാത്തവിധം വേഷം മാററിയും സന്ദർഭത്തിന്നനുസരിച്ച് ഏററക്കുറവു വരുത്തിയും അവയെ പ്രയോഗിക്കേണ്ടതാണെന്ന് പല ഘ…ിലും ഇത് തെളിയിച്ചിട്ടുമുണ്ട്.

…ന്തെങ്കിലും ഒരു പഴയ ഇതിവൃത്തം എടുത്ത് ചില്ല…ളും വെച്ച് കുറച്ചൊന്നു മിനുക്കി ആദ്യവസാനം ഓരോ …ളവും ചേർത്ത് ചൊല്ലുന്നതല്ല കവിയുടെ മനോധർമ്മമെന്ന് ഈ കാവ്യത്തിന്റെ പുറമേയുള്ള ആകൃതികൊണ്ടു തന്നെ അറിയാവുന്നതാണ്. ഇതിലെ കഥാവസ്തു കല്പിതമാ

Digitized By Kerala Sahitya Akademi

ണെന്ന് മാത്രമല്ല അതിന്റെ രീതിയും അസാധാരണ[illegible]ക്കുന്നു. സാധാരണക്കാർ രജോഗുണപ്രധാനമാണെന്നും അ ഗുണത്തെ പോഷിപ്പിക്കുന്ന സാമഗ്രികൾകൊണ്ടുമാത്രം പുഷ്ടിപ്പെടുന്നതാണെന്നും കരുതി വർണ്ണിച്ചുവരുന്ന ശൃംഗാരംതന്നെയാണ് ഇതിലെ സ്ഥായിയായ രസമെങ്കിലും പ്രാപഞ്ചികവ്യവഹാരങ്ങളിൽ നിന്നൊഴിഞ്ഞ് സത്വഗുണവൃത്തിയവലംബിച്ചുകൊണ്ടിരിക്കുന്ന നിലയിലും ആ അനുരാഗം വർദ്ധിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. പരിശുദ്ധമായ അനുരാഗത്തിന്റെ അല്ലെങ്കിൽ കലർപ്പില്ലാത്ത ശൃംഗാരരസത്തിന്റെ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിൽ ഈ സംഗതി ഏററവും ഉപയുക്തമായിട്ടുണ്ടെന്ന് വേറെ പറയേണ്ടതില്ല.

കഥാവസ്തു പഴയതായാലും പുതിയതായാലും അതിന്റെ നിർവ്വഹണം കാര്യമെല്ലാം സാധിച്ചു ഭരതവാക്യവുംകൂടി കഴിഞ്ഞമട്ടായിരിക്കണമെന്നു ഭാഷാകാരികൾക്കല്ല സംസ്കൃതകവികൾക്കുംകൂടി പണ്ടേയ്ക്കുപക്ഷേതന്നെ വലിയ നിർബന്ധമുള്ളതുപോലെയാണ് കണ്ടുവരുന്നത്. സംഭോഗശൃംഗാരത്തെക്കാൾ വിപ്രലംഭശൃംഗാരത്തിന് ആസ്വാദ്യത അധികമുണ്ടെന്നുള്ളതിൽ വാദമില്ലാതിരിക്കെ അർത്ഥമില്ലാത്ത ഈ നിർബന്ധത്തിൽപെട്ടു [illegible] ത്തിക്ക വിശ്രാന്തിവരുത്തിക്കലാശിപ്പിക്കുന്നത് [illegible] ശ്യമല്ലെന്ന് ഈ കാവ്യത്തിലെ നിർവ്വഹണം നമുക്കു [illegible] സ്സിലാക്കിത്തരുന്നു. ഈ രീതി പാശ്ചാത്യകവിതക[illegible] രാളമാണെങ്കിലും നമ്മുടെ ഇടയിൽ അപൂർവ്വംതന്നെ[illegible]ണ്.

എന്നാൽ അത്ഭുതകല്പനയിൽ ഇതുത്തോളം [illegible] ചെയ്തിട്ടുള്ളതുപോലെ ശബ്ദബന്ധത്തെ സംബന്ധിച്ച് നിർ

Digitized By Kerala Sahitya Akademi

ബന്ധങ്ങളിൽ ചിലതു് ഒഴിവാക്കുകയുംകൂടി ചെയ്തിരുന്നു എങ്കിൽ ഈ കാവ്യത്തിനു ഭംഗി ഒരു മാറ്റുകൂട്ടുകയില്ലായിരുന്നോ എന്നൊരു ചോദ്യത്തിനു വക കാണുന്നുണ്ടു്.

ഇതുവരെ പറഞ്ഞതെല്ലാം ഈ കാവ്യത്തിൽ സ്ഥൂലമായിത്തന്നെ കാണാവുന്ന വിഷയങ്ങളെപ്പറ്റിയാണു്. സൂക്ഷ്മമായി നോക്കുമ്പോൾ ഇതിന്റെ നിർവ്വഹണം രമണീയമായ സംഭോഗശൃംഗാരത്തിന്റെ ഉത്തമകാഷ്ഠയിൽത്തന്നെ പര്യവസാനിച്ചതായിട്ടു കാണാം. ശൃംഗാരമെന്നു പറഞ്ഞുവരുന്ന ഭാവത്തിൽ ഏതുദശവരെ സഹൃദയന്മാർക്കു് ആസ്വാദ്യത കൂടിക്കൂടിവരുന്നുവോ ആ ദശയിലാണു് ഇതിലെ നായികയുടെ ഭാവം നിലനിർത്തിയിരിക്കുന്നതു്. നായകൻ ധൈര്യംകൊണ്ടു നിർവൃതനുമാണു്. എന്നുതന്നെയല്ല നിഷ്കളങ്കമായ രസാസ്വാദത്തിനു് ബ്രഹ്മാനന്ദത്തേക്കാൾ ഒരുപടി താഴ്ന്നതേ ഉള്ളൂ എന്നുള്ള ഗുരുതരത്വത്തിനും ഈ കാവ്യം നല്ല ദൃഷ്ടാന്തമായിത്തീർന്നിട്ടുണ്ടു്.

1037-തുലാം 8-ാംനു-
തിരുവനന്തപുരം.

A. R. Raja Raja Varma.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

നളിനി

അല്ലെങ്കിൽ

ഒരു സ്നേഹം.

നല്ല ഹൈമവതഭൂവിൽ,—ഏറെയായ്
കൊല്ലം—അങ്ങൊരു വിഭാതവേളയിൽ,
ഉല്ലസിച്ചു യുവയോഗിയേകനുൽ-
ഫുല്ല ബാലരവിപോലെ കാന്തിമാൻ. ൧

ഓതി, നീണ്ട ജടയും നഖങ്ങളും
ഭൂതിയും ചിരതപസ്വിയെന്നതും,
ശ്രോത്രമാംമുതൽനാഗമൊട്ടു ശീ-
താതപാദികളവൻ ജയിച്ചതും. ൨

പാരിലില്ല ഭയമെന്നു മേറെയു-
ണ്ടാരിലും കരുണയെന്നു മേതിനും
പോരുമെന്നുമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ. ൩

Digitized By Kerala Sahitya Akademi

തൽപരത്വമവനാർന്നിരുന്നു തെ-
ല്ലപ്പോൾ,—വെന്നരിയെ യൗഴികാക്കുവാൻ
കോപ്പിടും നൃപതിപോലെയും കളി-
ക്കോപ്പെടുത്ത ചെറുപൈതൽപോലെയും. 4

ഇത്ര ധന്യതതികഞ്ഞു കാൺമതി-
ല്ലത്ര നൂനമൊരു സാർവഭൗമനിൽ
ചിത്തമാം വലിയവൈരി കീഴമ-
ർന്നത്തൽതീർന്ന യമിതന്നെ ഭാഗ്യവാൻ. 5

ധ്യാനശീലനവനങ്ങധിത്യകാ-
സ്ഥാനമാർന്നു തടശോഭനോക്കിനാൻ
വാനിൽനിന്നു നിജനീഡമാർന്നൊഴും
കാനനം ഖഗയുവാവുപോലവേ. 6

ഭൂരി ജന്തുഗമനങ്ങൾ, പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ,
ദൂരദർശന കൃശങ്ങൾ, കണ്ടുതേ
ചാരുചിത്രപടഭംഗിപോലവൻ. 7

പണ്ടു തന്റെ പുരപൂജ്ജ്യാദിയും-
ക്കൊണ്ടവാപികളെ വെന്ന പൊയ്കയിൽ
കണ്ടവൻ കുതുകമാർന്നു തെന്നലിൽ
തണ്ടുലഞ്ഞു വിടരുന്ന താരുകൾ. 8

സാവധാനമെതിരേറ്റുചെല്ലുവാ-
നാ വികസ്വരസരസ്സയച്ചപോൽ
പാവനൻ സുരഭിവായു വന്നുക-
ണ്ടാവഴിക്കു പദമൂന്നിനാനവൻ. 9

Digitized By Kerala Sahitya Akademi

ആഗതർക്കു വിഹഗസ്വരങ്ങളാൽ
സ്വാഗതം പറയുമാ സരോജിനീ
യോഗിയെ വശഗനാക്കി—രമ്യഭൂ-
ഭാഗഭംഗികൾ ഹരിക്കുമാറെയും. 10

എന്നുമല്ല ശ്രുതരമ്യഭൂവിവ-
ക്കെന്നുമുള്ളൊരനവദ്യഭംഗമാം
വന്യശോഭകളിലത്രയല്ലയീ-
ധന്യനാന്നൊരു നിസർഗ്ഗജം രസം. 11

ആകയാൽ സ്വയമകന്നുമാനനൻ
പോകയാമതുവഴിക്കു തന്നിവൻ,
ഏകകാര്യ്യമഥവാ ബഹുഹേതുകമാം
ഏകഹേതു ബഹു കാര്യ്യകാരിയാം. 12

കുന്നതന്നടിയിലെത്തവേ സ്വയം
നിന്നുപോയ് ഝടിതി ചിന്തപൂണ്ടപോൽ,
എന്നുമല്ല ചെറുതാർത്തിയാന്നവ-
റൊന്നുവീർത്തു നെടുതായുടൻ യതി. 13

എന്തുവാൻ യമിയിവണ്ണമന്തരാ-
ചിന്തയാന്നതഥവാ—നിനയ്ക്കുകിൽ,
ജന്തുവിന്നു തുടരുന്ന വാസനാ-
ബന്ധമിന്നുടലുവീഴുവോളവും. 14

അപ്പുമാന്റെയകമോളമാന്ന വീ-
ഴ്പ്പൊഴാത്തൊരതിദൂരഭൂമിയിൽ
അത്ഭുതം! തരുവിലീനമേനിയായ്
നില്പൊരാൾക്കു തിരതല്ലിഹൃത്തടം. 15

Digitized By Kerala Sahitya Akademi

സ്വാന്തനിഷ്ഠയതിനായ്ക്കുളിച്ചു, നീർ-
ചിന്തുമീറനൊട്ടു പൊയ്കതൻതടേ
ബന്ധുരാംഗരുചി തൂവിനിന്നുഷ-
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ. 16

കണ്ടതില്ലവർ പരസ്പരം, മരം-
കൊണ്ടുനേർവഴി മറഞ്ഞിരിക്കയാൽ,
രണ്ടുപേരുമകതാരിലാർന്നിതുൾ-
കണ്ണു—കാൺക ഹാഹ! ബോധവൈഭവം! 17

ആ തപോമുദിതയാൾക്കു തൽക്ഷണം
ശീതബാധ വിരമിച്ചുവെങ്കിലും,
ശോണമായ് ഝടിതി, കുങ്കുമാഭമാ-
മാതപം തടവിലും, മുഖാംബുജം. 18

ആശപോകിലുമതിപ്രിയത്തിനാൽ
പേശലാംഗിയഴലേകമോർമ്മയിൽ
അശ്രു വായുവിൽ ഉതിർൽപ്രസൂനയാ-
മാ ശിരീഷലതപോൽ ഞടുങ്ങിനാൾ. 19

സീമയറ്റഴലിലൊട്ടു സൂചിത-
ക്ഷേമമൊന്നഥ ചലിച്ചു, മീനിനാൽ
ഓമനച്ചെറുമൃണാളമെന്നപോൽ,
വാമനേത്രയുടെ വാമമാംകരം. 20

ഹന്ത! കാനനതപസ്വിനീ ക്ഷീണം
ചിന്ത ബാലയിവളാർന്നു വാടിനാൾ,
എന്തിനോ?—കുലവധൂടികൾക്കെഴു-
ന്നന്തരംഗഗതിയാരറിഞ്ഞു താൻ! 21

Digitized By Kerala Sahitya Akademi

ഒന്നു നിൎണ്ണയമുദീൎണ്ണശോഭയാ-
ളിന്നു താപസകുമാരിയല്ലിവൾ,
കുന്ദവല്ലി വനഭൂവിൽ നില്ക്കിലും
കുന്ദമാണതിനു കാന്തി വേറെയാം. 22

എന്നമല്പസുലഭാംഗഭംഗിയാ-
ണിന്നമിത്തരുണി പൌരിമാരിലും;
മിന്നുകില്ലി ശരദഭ്രശോഭയായ്,
ഛിന്നയാകിലുമഹോ തടില്ലത! 23

കൃച്ഛ്രമായിവൾ വെടിഞ്ഞുപോന്നൊരാ-
സ്വച്ഛസൌഹൃദരിവൾക്കു തുല്യരാം,
അച്ഛനും ജനനിതാനുമാൎത്തിയാ-
ലിച്ഛയാന്നു മൃതിതാൻ വരിച്ചുപോൽ. 24

ഹാ! ഹസിക്കരുതു ചെയ്ക കേവലം
സാഹസിക്യമിവളെന്നു—സാധ്വിയാൾ,
ഗേഹവും സുഖവുമൊക്കെവിട്ടു തൻ-
സ്നേഹമോതി യത്നചെയ്തതാണിവൾ. 25

സ്നിഗ്ദ്ധമായിവളെയോൎത്തിരുന്നു സ-
സ്നിഗ്ദ്ധമശ്രുനിര പെയ്തുതാൻ ചിരം
മുഗ്ദ്ധതൻ മൃദുകരം കൊതിച്ചുമേ
ദഗ്ദ്ധരായ് പല യുവാക്കൾ വാണുതാൻ. 26

ഈവിധം സകലലോഭനീയമീ-
ജ്ജീവിതം വ്രതവിശീൎണ്ണമാക്കിനാൾ
ഭാവുകാംഗി, അഥവാ മനോജ്ഞമാം
പൂവുതാൻ ഭഗവദൎച്ചനാൎഹമാം. 27

Digitized By Kerala Sahitya Akademi

ജീവിതാശകൾ നശിച്ചു വാടിയും-
പൂവു ജീവഗതിയോർത്തു ചെയ്യുമാം
ദേവദേവപദസേവയേവമീ-
ഭൂവിലാവിലത പോവതിന്നിവൾ. 28

ശാന്തയായ് സുചിരയോഗസംയത-
സ്വാന്തയായിവിടെ മേവിയേറെനാൾ
കാന്ത, യിന്നടിതകർന്ന സേതുപോൽ
ഭ്രാന്തിയേറ്റു ദയനീയയായിതേ! 29

ഈ മഹാവ്രത കൊതിച്ചസിദ്ധിയെ-
ങ്ങാമയം പരമിതെങ്ങിതെത്തുവാൻ,
ഹാ! മനുഷ്യനഹഹാ ഹിതാർത്ഥമായ്
വാമലീലതുടരുന്നതാം വിധി. 30

മാനസം ഭഗവദംഘ്രിപങ്കജ-
ധ്യാനധാരയിലുറച്ചിടായ്കയാൽ
ദീനയായ് ഗതിതടഞ്ഞു, വേനലിൽ
ശ്യാനയാം തടിനിപോലെ തന്വിയാൾ. 31

നൊന്തചിത്തമൊടുതിർന്ന കണ്ണുനീർ
ചിന്തി ഹൈമനസരോജമൊത്തവൾ
സന്തപിച്ചു—വധുവിന്നധീരമാ-
ണന്തരംഗമതിവിജ്ഞയാകിലും. 32

ഖിന്നഭാവമിതകററി, മാനസം
പിന്നെയും പ്രതിനിവൃത്തമാക്കുവാൻ
സന്നഹിച്ചഥ സദസ്സിൽനോക്കിയാ-
സ്സന്നചേഷ്ട തനിയേ പുലമ്പിനാൾ. 33

Digitized By Kerala Sahitya Akademi

"സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ, തരളവായുവേററു നീ
ആമയം തടവിടായ്ക, തൽക്കര-
സ്തോമമുണ്ടു തിരിയുന്നദിക്കിലും. 34

സന്തതം മിഹിരനാത്മശോഭയും,
സ്വന്തമാം മധുകൊതിച്ചു വണ്ടിനം,
ചന്തമാർന്നുളളിനില്ക്കുമാമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം!" 35

കോട്ടമററവിടെയെത്തി, യിന്ദ്രിയം
പാട്ടിലാക്കി യപഭീതിയാം യതി,
കാട്ടിലിങ്ങനെ മനുഷ്യാശയമാം
പാട്ടുകേട്ടു പരമാർന്നു കൌതുകം. 36

വാക്കിലും പൊരുളിലും രസസ്രവം
വായ്ക്കുമാ മധുരശബ്ദമെത്തിടും
ലാക്കിലും ചെവികൊടുത്തു കാട്ടിലും
നോക്കിനിന്നു ലയലീനനായവൻ. 37

'ഹാ! വിശിഷ്ടമൃദുഗാന! മിന്നി നീ
ന[illegible]കമലേ വനാക്ഷരം!'
ഏവമോതിയവലയും മരങ്ങൾതൻ
പൂവെഴുംതല തളിർത്തശാഖയും. 38

കാണിനിന്നവിടെയിത്ഥമാസ്ഥയാൽ
കാണുവാനുഴറി കണ്ണു ഗീതിയാൽ
പ്രാണസൌഖ്യമരുളും സഖീവരാം
വീണതന്നെ ലയവേദിയാം യതി. 39

Digitized By Kerala Sahitya Akademi

'വന്യഭൂമിയിൽ വഹിച്ചപൂർവമാം
ധന്യനായഹഹ! വന്നണഞ്ഞു നീ
തെന്നലേ, തഴുകുകിന്നു ശങ്കവേ-
ണ്ടെന്നെ ഞാൻ മലിനമേനിയല്ലെടോ.' 40

കുഞ്ജലീന പരരാഗമെന്നപോൽ
മഞ്ജുഗാനമതു വീണ്ടുമീവിധം
വ്യഞ്ജിതാശയമടുത്തുകേട്ടവൻ
കഞ്ജിനീതടമണഞ്ഞു നോക്കിനാൻ. 41

ചാഞ്ഞലഞ്ഞ ചെറുദേവദാരുവി-
ന്നാഞ്ഞശാഖകളടിക്കു, ചിന്തയാൽ
കാഞ്ഞു, കാണ്മതു മനോരഥങ്ങളാൽ
മാഞ്ഞു, തൻനില മറന്നു,നിന്നവൾ. 42

'ഹാ കൃശാതരതലത്തിലിന്ദുവി-
ന്നേകരശ്മിയതുപോലെയാരിവൾ?
മാഴ്കിടുന്നു, ദയതോന്നും'—എന്നലി-
ഞ്ഞേകയാമവളെ നോക്കിനാൻ യമി. 43

അപ്പൊഴാശ്രു തനിയേ വിടർന്നവൾ-
ക്കല്പലങ്ങളൊടിടഞ്ഞ കണ്ണുകൾ
ഉൾപ്രമോദമഥ വേലിയേററമാ-
ർന്നദ്ഭുതാംഗിയുടെ ചന്ദ്രനോ യതി? 44

ദൂരെനിന്ന യമിതന്നെയാശ്രുക-
ണ്ടോരതെന്നുമുടനേയറിഞ്ഞവൾ
പാരമിഷ്ടജനരൂപമോരുവാൻ
നാരിമാർക്കു നയനം സുസൂക്ഷ്മമാം. 45

Digitized By Kerala Sahitya Akademi

ഞെട്ടിയൊന്നഥ കുഴങ്ങിനിന്നു പി-
ന്നൊട്ടുസംഭ്രമമിയന്നു പാർത്തവൾ
തിട്ടമായ് യതിയെനോക്കി യാഴിയേ
മുട്ടിനിന്നണമുറിഞ്ഞ വാരിപോൽ. 46

'അമ്പിനിന്നു, ഭഗവൻ, ഭവൽപദം
കുമ്പിടുന്നഗതിയായ ദാസി ഞാൻ'
വെമ്പിയേവമവളോതി, യോഗിതൻ-
മുൻപിൽവീണു മൃദുഹേമയഷ്ടിപോൽ. 47

ഒററയായിടകുരുങ്ങി വാച്ച തൻ
കററവാർകുഴലു തൽപദങ്ങളിൽ
ഉററരാഗമൊടടിഞ്ഞു കാൺകയാൽ
മുററുമോർത്തു കൃതകൃത്യയെന്നവൾ. 48

ഉന്നിനിന്നു ചെറുതുൾക്കരുന്നിനാൽ
ധന്യയെപ്പുനരനുഗ്രഹിച്ചുടൻ,
പിന്നിലാഞ്ഞവളെ ഹസ്തസംജ്ഞയാ-
ലുന്നമിപ്പതിനുമോതിനാൻ യമി. 49

സ്പഷ്ടമാജ്ഞയതിനാലെ പൊങ്ങിയും
നഷ്ടചേഷ്ടത കലർന്നു തങ്ങിയും
കഷ്ടമായവിടെ നിന്നെണീററുതേ
ദൃഷ്ടയത്ര ദയനീയയായവൾ. 50

മാറിൽനിന്നുടനിഴിഞ്ഞവല്ക്കലം
പേറിയാശു പദരേണുതൊട്ടവൾ
കൂറൊടും തലയിൽവെച്ചു, സാദരം
മാറിനിന്നു യമിതന്നെ നോക്കിനാൾ. 51

Digitized By Kerala Sahitya Akademi

'എന്തുവാനഭിമതൻ കഥിക്കുമോ?
എന്തുവാൻ കരുതുമോ മഹാനിവൻ?'
ചിന്തയേവമവളാർന്നു ദൃഷ്ടിയാൽ
ഹന്ത! ചെയ്തു യമി മൌനഭേദനം. 52

'മംഗളം ഭഗിനി, നിന്റെ ഭക്തിയാൽ
തുംഗമോദമിയലുന്നു ഞാൻ ശുഭേ,
എങ്ങു ചൊല്ലിവിടെയാരൊരാളു നീ
യെങ്ങുനിന്നു മുനിപുത്രദർശനേ?' 53

എന്നുരച്ചു പുനരുത്തരോൽകനായ്
നിന്നതേ സ്വയമസംഗനാകിലും,
സ്പന്ദമാനവനദാരു വാരിമേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ. 54

'മുന്നിലെൻ നിയതിയാലണഞ്ഞൊരുമി-
ന്നെന്നെ യെൻപ്രിയനറിഞ്ഞതില്ലിവൻ!
സന്നവാസനനഹോ മറന്നതാൻ
മുന്നമുള്ളതഖിലം മഹാശയൻ.' 55

ഏവമോർത്തഥ വിവൃത്തമാർന്നിടും
ഭാവചാപലമടക്കിയും ജവം
പാവനാംഗി പരിശങ്കമാനയായ്
സാവധാനമവനോടു ചൊല്ലിനാൾ:— 56

"കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വഴിവിയന്നു വന്നപോൾ
ദൃഷ്ടനായിഹ ഭവാൻ! ഭവാന്നു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ! 57

Digitized By Kerala Sahitya Akademi

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ, യേകമത്ഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ. 58

സന്ന്യസിച്ചുളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെ യോക്കിലു മോർത്തിടായ്കിലും." 59

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങിനിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം. 60

ധീരനായ യതിനോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം. 61

ആരതെന്നുടനറിഞ്ഞു കൌതുകം
പാരമാർന്ന കരുതിപ്പുരാഗതം,
ചാരുശൈശവകഥസ്മൃതന്നെ ചേ-
ർന്നൊരുവാക്കരുളിനാൻ കനിഞ്ഞവൻ. 62

"പാരാവും പരിചയം കലർന്നൊഴും
പേരുമീമധുരമായ കണ്ഠവും
സാദമായ് സ്മൃതിയിൽ നീയുമിപ്പൊഴും നിൻ
ദ്ദൂരമാം ഭവനവും വരുന്നയേ! 63

Digitized By Kerala Sahitya Akademi

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതാ-
ർത്തിനടൽവേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടുനിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ. 64

എന്നിൽനിന്നണുവുമേൽക്കിലപ്രിയം
നിന്നുദേഴ്മയി! കണ്ടിടുന്നതേ
നിന്നിലീപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ! 65

പോയതൊക്കെ യഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും,
ആയതത്വമറിവിന്നമാന്ന്,—പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ? 66

ഓതുകിന്നതഥവാ വൃഥാ ശുഭേ!
ഹേതുകേൾക്കവതൊരാത്ഥമേതിനോ
നീ തുനിഞ്ഞു—നിജകർമ്മരീതരാ-
യേതുമാർഗ്ഗമിയലാം ശരീരികൾ! 67

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നൊയോർത്തു സഖി, ഏതരോത്തുമാം,
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കമമലേ! വിവേകികൾ."

മാലു ചെററുടനകന്നുമുള്ളിലെ-
ന്നാലുമാശ തടവാതെ വാടിയും,
ആലപിച്ചു യതിതന്നെ നോക്കിനാൾ
ലോലകണ്ണമതിലോലലോചന. 69

Digitized By Kerala Sahitya Akademi

നവ്യമാം പരിധിയാർന്നരക്ഷണം
ദിവ്യദീപ്തി ചിതറീടുമാമുഖം,
ഭവ്യശീലയവൾ കണ്ടു, കണ്ണയാ-
യവ്യവസ്ഥിതരസം കുഴങ്ങിനാൾ. 70

പാരമാശു വിളറി ക്കറുത്തുടൻ
ഭ്രൂവിഭേദമഥ മത്തെളിച്ചുമേ,
നാരിതൻ കവിൾനിറം കലർന്നു,ഹാ!
സൂര്യരശ്മി തടവും പളുങ്കുപോൽ. 71

തെല്ലുനിന്നരുണകാന്തിയിൽ കുള-
ർന്നുല്ലസിച്ച ഹിമശീകരോപമം,
മെല്ലെയാർന്നു മൃദുഹാസമശ്രുവും
ചൊല്ലിനാൾ മൊഴികൾ ചാരുവാണിയാൾ. 72

"ആര്യ" മുൻപരിചയങ്ങൾ നൽകിടും
ധൈര്യമാർന്നു പറയുന്ന മദ്ഗതം,
കാര്യമിന്നതയി! കേൾക്കുമോ കനി-
ഞ്ഞാര്യമാകിലുമനാര്യമാകിലും? 73

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, [illegible]യതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി-
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ. 74

അർത്ഥമാർത്തിയഥവാ കഥിക്കിലീ-
യ്യൂഴമോർത്തിടുമതന്യഥാ ഭവാൻ,
പാഴിലായിടുകയോ വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം? 75

Digitized By Kerala Sahitya Akademi

തന്നതില്ലപരനുള്ളുകാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ
വന്നുപോം പിഴയുമർത്ഥശങ്കയാൽ! 76

മുററുമെന്നാഴലറിഞ്ഞിടായ്കിലും,
തെററിയെൻ ഹൃദയമാർദ്രമോർക്കിൽ,
ചെററുമേ പൊറുതിയില്ല, പിന്നെ ഞാൻ
പററുകില്ലറിക മണ്ണിൽ വിണ്ണിലും.” 77

ഏവമോതി അതിദൂനയായിനി-
ന്നാവരാംഗി, യതിതൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ, അവൻ
കേവലം കരുണയാർന്നു ചൊല്ലിനാൻ. 78

“അന്യഥാ മതിവരില്ലെനിക്കു നിൻ
മന്യുവിങ്കൽ നിയതം മാററാവ്രതേ!”
കന്യയെന്നു വടുവെന്നുമേലുകി-
ല്ലന്യഭാവമറികാത്മവേദികൾ. 79

ആടലൊട്ടുവൾ വെടിഞ്ഞു സത്വരം
തേടി ധൈര്യമഥ, പൂവനത്തിലും
കാട്ടുതൻ നടുവിലും സുമർത്തുവിൽ
പാടിടും കുയിലുപോലെ, ചൊല്ലിനാൾ. 80

“വന്നു വത്സല, ഭവാൻ സമക്ഷമാ-
യിന്നു, ഞാൻ വ്യഥ മറന്നതോർക്കയാൽ,
എന്നുമല്ല, കരുതുന്നു വീട്ടിൽ നാ-
മന്നു വാണതു തുടർന്നപോൽ മനം. 81

Digitized By Kerala Sahitya Akademi

ലോലനായ്ഞാനുരുവിട്ടു കേട്ടൊരാ-
ബാലപാഠമഖിലം മനോഹരം!
കാലമായധികമിന്നൊരക്ഷരം-
പോലുമായതിൽ മറപ്പതില്ല ഞാൻ. 82

ഭൂരിപൂക്കൾ വിടരുന്ന പൊയ്ക്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തുപള്ളിയും. 83

ഓർത്തിടുന്നുപവനത്തിലെങ്ങുമ-
ങ്ങാർത്തു ചിത്രശലഭം പറന്നതും
പാർത്തുനിന്നതുമണഞ്ഞു നാം കരം-
കോർത്തു കാവിനരികേ നടന്നതും. 84

പാടുമാൺകുയിലെ വാഴ്ത്തിയാരവം
കൂടവേയനുകരിച്ചുപോയതും
പാടുകാരനുടനെന്നൊടാർത്തനാ-
ട്ടേടയെപ്പരിഹസിച്ചു ചൊന്നതും. 85

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു വല്ലികയറുത്തിരുന്നതും
മെച്ചമാന്ന ചെറുമാലകെട്ടിയെൻ
കൊച്ചു വാർമുടിയിലങ്ങണിഞ്ഞതും. 86

എണ്ണിടുന്നൊളിവിൽ വന്നു പിഡയാം
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു ചേഴ്മെൻ
കണ്ണുനീരു കനിവിൽ തുടച്ചതും. 87

Digitized By Kerala Sahitya Akademi

എന്തിനോതുവതിതൊക്കെ വിപാകം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ,
ഗന്ധുകാമനടനാർത്ഥൻ, എകിലാ-
മന്ഥരായ മെതിർവാദ്യപോലിവൾ. 88

പോട്ടെ—എൻ സോദരന്മാർ വിയുക്തരായ്
നാട്ടിൽനിന്നഥ മറഞ്ഞതങ്ങെ സാ
കേട്ടതെട്ടിയയി വീണ ശിഞ്ജിതം
കേട്ട പന്നഗകുമാരിപോലെ ഞാൻ. 89

പിന്നെയെൻ പ്രിയപിതാക്കളെ കാത്തുഴ-
ന്നെന്റെയങ്ങവശൽ പെടാതെയും
ഉന്നി വാണൊരിത മാർത്ത്യനേലുമീ-
മന്നിലെന്നടല്ലു ഞാൻ വിടാതെയും. 90

ഹർഷമേകുവതിനച്ഛനേറെ നി-
ഷ്കർഷമാർന്നഥ വളർന്നു പിന്നയായ്,
കർഷകൻ കിണറിനാൽ നനയ്ക്കിലും
വർഷമറ്റ വരിനെല്ലുപോലെ ഞാൻ. 91

ഓർത്തിടായ്കിലുമഹോ! യുവത്വമെൻ
മൂർത്തിയാർന്നഥ വലഞ്ഞിതേറെ ഞാൻ,
പൂത്തിട്ടും തരുവിലും തടത്തിലും
കാത്തിടാ [illegible]കൾ, കാലമെത്തിയാൽ. 92

ഓളുവാനരുതെനിക്ക പിന്നെ, യെൻ-
താതനോർത്തൊരു വിവാഹനിശ്ചയം
കാതിലെത്തി, വിഷവേഗമേറ്റപോൽ
കാതരാശയ കുഴഞ്ഞിവീണു ഞാൻ. 93

Digitized By Kerala Sahitya Akademi

അഴലമ്പൊടതി സാന്ത്വമോതുമെൻ
തോഴിമാരെയുമൊഴിച്ചു ഞാൻ പരം
വാഴുമൗഷധമകറ്റിയാശ്രമം
പാഴിലായെഴുമസാദ്ധ്യരോഗികൾ.

ശാന്തമാക ദുരിതം! വിനിശ്ചിത-
സ്വാന്തയായ് കഠിനശല്യമൂരുവാൻ
ധ്വാന്തവും ഭയവുമോർത്തിടാതുടൻ
ഞാൻ തടാകതടമെത്തി രാത്രിയിൽ." 95

വേഗമാബ്ഭയദനിശ്ചയം ശ്രവി-
ച്ചാകുലാത്ഭുത ദയാരസോദയൻ,
ഏകിനാൻ മൊഴിയവൻ, സഗദ്ഗദം
ശോകമാർന്ന കഥ പിൻതുടർന്നവൾ. 96

"ലോകമൊക്കെയുമുറങ്ങി, കൂരിരു-
ട്ടാകെമൂടി ഘനമൂർത്തി ഭീകരം
ഏകയായവിടെ നിന്നു, സൂചിയേ-
റ്റാലിലെന്നുടലറിഞ്ഞിടാതെ ഞാൻ. 97

തിണ്ണമായിരുളിൽനിന്നു വിശ്വസി-
ച്ചുണ്ണിലീനൻ ഝടിതി ഭൂതഭാവികൾ,
വിണ്ണിൽ ഞാനൊടുവിൽ നോക്കി, സത്രപം
കണ്ണടഞ്ഞുഡുഗണങ്ങളും കാൺകയാൽ. 98

'നിത്യഭാസുര നഭശ്ചരങ്ങളേ,
ക്ഷിത്യവസ്ഥ ബത നിങ്ങളോർത്തിടാ
അത്യനർത്ഥവശ ഞാൻ ക്ഷമിപ്പിനീ-
കൃത്യ'മെന്നുമവരോടിരന്നു ഞാൻ. 99

Digitized By Kerala Sahitya Akademi

കാത്തുപിന്നുടനഗാധ തോയമാം
തീർത്ഥസീമയിലിറങ്ങിയങ്ങു ഞാൻ
അർത്ഥിയാൽ മൊഴിയിലോ മനസ്സിലോ
പ്രാർത്ഥിതം പരമമേവമോതിനേൻ. 100

“ജീവിതേശനെയനുഗ്രഹിക്ക, വൻ-
ഭൂവിലുണ്ടു ഗിരിജേ! വലഞ്ഞുടൻ
ഈവിധം തുനിവതാമശക്ത ഞാൻ,
ദേവി, നിൻപദമണയ്ക്കുയംബികേ! 101

കാണുകിൽ പുളകമാം കയത്തില-
ങ്ങാണുകൊൾവതിനുടൻ കരിച്ചു ഞാൻ,
ക്ഷോണിയിൽ പ്രണയപാശമറ്റെഴും
പ്രാണികൾക്കു ഭയഹേതുവേതുവാൻ? 102

ചണ്ടിതൻ പടലി നീങ്ങിയാഴമെൻ
കണ്ണെമൊട്ടുപരിതങ്ങി, ആകയാൽ
ഇണ്ടലാർന്നുഴറിയോർത്തു, താമര-
ത്തണ്ടിൽ വാർമുടി കുരുങ്ങിയെന്നു ഞാൻ, 103

സത്വരം മുകളിൽ നോക്കി ഞാനിയ-
ന്നത്തൽ വിസ്മയവുമേറെന്നാന്നും,
എത്തിയെൻ കചഭരം പിടിച്ചു നി-
ന്നത്ര കാന്തിമതിയേകയോഗിനി. 104

അമ്പിയന്നു ഭയമൊക്കെ നീക്കിയൊ-
ന്നിമ്പമേകിയവൾ നോക്കി സസ്മിതം,
മുമ്പിലപ്പൊഴുതുദിച്ചു പൊങ്ങിടു-
ന്നമ്പിളിക്കെതിരഹോ നതാംഗിയാൾ! 105

Digitized By Kerala Sahitya Akademi

നിഷ്ഠപൂണ്ടരികിൽ വാണിരുട്ടിലെൻ
ധൃഷ്ടമാം തൊഴിലുകണ്ടു യോഗിനി,
ഇഷ്ടമായ് സ്മൃതിയെത്തടഞ്ഞു ഹാ,
ദിഷ്ടമെങ്ങിനെയൊരാൾക്കതേ വരൂ. 106

കെട്ടിയാഞ്ഞു കരയേററിയാശ്ശു കൈ
വിട്ടുനിന്നു കഥ ചോദിയാതവൾ
ഒട്ടതെൻ പ്രലപനത്തിൽ നിന്നറി-
ഞ്ഞൊട്ടറിഞ്ഞു നിജവൈഭവങ്ങളാൽ. 107

ഈറനൊടു പകർന്നു വല്ക്കലം
മാറിയാ മഹതിയെത്തുടർന്നു ഞാൻ
വേറുമെയ് നിയതിനൽകിടുന്നതും
പേറിയങ്ങിനെ പരേത ദേഹിപോൽ. 108

അദ്ധ്വഖേദമറിയാതവാറുചൊ-
ന്നതാപോധന കനിഞ്ഞു വാർത്തകൾ,
എത്തി ഞങ്ങളൊരു കാട്ടിലും ദ്രുതം,
ചിത്രഭാനുവുദയാചലത്തിലും. 109

അന്തരംഗഹിതനാം ഭവാനൊഴി-
ഞ്ഞന്തികത്തിൽ വനശോഭകാണവേ
സന്തപിച്ചിവൾ പരം, രമിക്കയി-
ല്ലെന്തിലും പ്രണയഹീനമാനസം. 110

കീർത്തനീയഗുണയെന്നെ നിർഭയം
ചേർത്തുപിന്നെയവളിത്തപോവനം,
അർത്തയെങ്കിലുമതീവധന്യയെ-
ന്നോർത്തിതാശ്ശുനെയനാപ്രയാത ഞാൻ. 111

Digitized By Kerala Sahitya Akademi

ഒത്തു ഞങ്ങളുടജത്തിലൊന്നിൽ വാ-
ണത്യുദാരമഥ വിദ്യയും സ്വയം
വിത്തിനായ് മുകിലു വൃഷ്ടിപോലെയാ
സിദ്ധയോഗിനിയെനിക്കു നൽകിനാൾ. 112

പഞ്ചവൃത്തികളടക്കിയന്വഹം
നെഞ്ചുവച്ചുരു തപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി, പി-
ന്നഞ്ചുവത്സരമിഹ പൂണ്ടു കാനനം. 113

കാമിതം വരുമെനിക്കു വേഗമെ-
ന്നാമഹാമഹതി ചെയ്തനുഗ്രഹം,
പ്രേമമാർന്നുഗുരുവിൻപ്രസാദമാം
ക്ഷേമമൂലമിഹ ശിഷ്യലോകരിൽ. 114

മംഗലാശയ! കഴിഞ്ഞു രണ്ടുനാ-
ളിന്നുപിന്നെയനിമിത്തമെന്തിനോ
പൊങ്ങിടുന്നു സുഖമാർന്നുമന്തരാ
മങ്ങിടുന്നു ഭയമാർന്നുമെന്മനം. 115

സ്വൈരമായ് മുഹുരുദിച്ചിടുന്നു, ദൂ-
വ്വാരമെന്റെ മതിയിൽ, തപസ്യയിലും
ശൌരിയോടിടിയ പുഷ്പഹേതിതൻ
വൈരിയായ വടുവിൻ സമാഗമം. 116

ഇന്നലെബ്ഭഗണമദ്ധ്യഭൂവിൽ ഞാൻ
നിന്നു കൂപ്പിയ വസിഷ്ഠഭാമിനി
വന്നു നിദ്രയതിൽ 'ഏൽക്ക നിൻപ്രിയൻ
വന്നു' എന്നരുളിനാൾ ദയാവതി.” 117

Digitized By Kerala Sahitya Akademi

എന്നു ചൊല്ലി വിരമിച്ചു, തൻമുഖം
നിന്നു നോക്കി, നെടുമാർഗ്ഗഖിന്നയായ്
എന്നപോൽ, ശ്രമകണപോലിള-
ച്ചൊന്നുതന്നെ നെടുവീർപ്പിയന്നവൾ. 118

ഭാവമൊട്ടടറിഞ്ഞു, ശുദ്ധയാ-
മാവയസ്യയഴലാർന്നിടാതെയും,
ഈവിധം യതിപറഞ്ഞു, തന്മന-
സ്സാവിലേതരമലഞ്ഞിടാതെയും. 119

"കേട്ടു നിൻചരിതമത്ഭുതം! ശുദ്ധേ,
കാട്ടിൽ വാഴ്‌വതിനെഴുന്ന മൂലവും,
കാട്ടി സാഹസമനല്പമെത്രതാ-
നാട്ടെ, നിൻ നിയമചര്യ നന്നഹോ! 120

ഉണ്ടു കൌതുകമുരയ്ക്കിൽ, നാടതിൽ
പണ്ടിരുന്നതുമകന്നു കാടിതിൽ
കണ്ടുമുട്ടിയതു, മെന്നുമല്ല നാം
രണ്ടുപേരുമൊരുവൃത്തിയാർന്നതും. 121

ഹാ! ശുദ്ധേ! നിജഗതാഗതങ്ങൾ ത-
[illegible]നിശ്ചയമറിഞ്ഞിടാ നരൻ,
ആശ നിഷ്ഫലവുമായ് വരുന്നവ-
ന്നാശിയാതിഹ വരുന്നഭീഷ്ടവും. 122

സ്വന്തകർമ്മവശരായ് തിരിഞ്ഞിടു-
ന്നന്തമററ ബഹു ജീവകോടികൾ,
അന്തരാളഗതി തന്നിലൊന്നൊടൊ-
ന്നന്തരാപെട്ടുമണുക്കളാണു നാം. 123

Digitized By Kerala Sahitya Akademi

സ്നേഹമെങ്കിലുമിയന്മഹിന്നനായ്
സാഹസങ്ങൾ തുടരുന്നു സന്തതം
ദേഹി, ഈശകൃപയാലെ തന്മഹാ-
മോഹനിദ്രയുണരുന്നനാൾവരെ. 124

കാട്ടിലിങ്ങൊരുമഹാനുഭാവതൻ
കൂട്ടിലായ് ഭവതി, ഭാഗ്യമായി, ഞാൻ
പോകട്ടെ,—ശാന്തി!—വിധിയോഗമിന്നിയും
കൂട്ടിയാകിലഥ കാൺകയാം ശുഭേ!” 125

ഏവമോതിനടകൊൾവരിന്നവൻ
ഭാവമാർന്നു, പരിതപ്തയായുടൻ
ഹാ! വെളുത്തവൾമിഴിച്ചുനിന്നു മൺ-
പാവപോലെ ഹതകാന്തിയായ് ക്ഷണം. 126

ചിന്തയൊന്നുഴറി യാത്ര ചൊല്ലുമോ
ഹന്ത! ഭീരുമതിയെത്തടുക്കുമോ
സ്വാന്തസൌഹൃദ നയങ്ങളോർത്തുഴ-
ന്നെന്തു ചെയ്യുമവൾ?—ഹാ! നടന്നവൻ!! 127

കണ്ടുടൻ കാളറുന്നപോലെഴു-
ന്നിടറിയഭിമാനമററവൾ
കുന്നുമാം കരിപോലെ ദീനമാം
കണ്ണുമോടഴുതുറക്കെയോതിനാൾ. 128

‘പ്രാണനായക! ഭവാനെന്റെകൂടവേ
കൊണ്ടുപോം ഹൃദയനീതനായഹോ!
പ്രാണനെന്നെവെടിയുന്നിതേ ജലം
താണുപോം ചിറയെ മത്സ്യമെന്നപോൽ.’ 129

Digitized By Kerala Sahitya Akademi

ക്ലുവി വായുവിലകന്ന താമര-
പ്പൂവെയാഞ്ഞു തടയുന്ന ഹംസിപോൽ
ഏവമുന്മുഖി പുലമ്പിയെത്തിയാ-
ബ്ഭ്രുവിൽ വീണവൾ പിടിച്ചു തൽപദം. 130

'എന്റെയേകധനമങ്ങു ജീവനാ-
ങ്ങെന്റെഭോഗമതുമെന്റെ മോക്ഷവും,
എന്റെയീശ! ദൃഢമീപദാംബുജ-
ത്തിന്റെ സീമ, ഇതു പോകിലില്ല ഞാൻ. 131

അന്യഥാ കരുതിയാർദ്രനായ്ത്വനീ-
സന്നധൈര്യയെയഹോ! ത്യജിക്കൊലാ
ധന്യയാം എളിയശിഷ്യയീപദം
തന്നിൽ നിത്യപരിചര്യയൊന്നിനാൽ.' 132

ഹാ! മൊഴിഞ്ഞിതു നഖംപചാശ്രുവാൽ
കോമളം സതി നനച്ചു തൽപ്പദം
ആ മഹാൻ തിരിയെനിന്നു, നിർമ്മല-
പ്രേമമാം, വലയിലാരുവീണിടാ! 133

'തോഴി, കാരുണികനാണു നിന്നിൽ ഞാൻ,
കേണിടൊലാ കൃപണീഭാവമേലൊലാ,
പാഴിലേവമഴലാകുമാഴിയാ-
ഞ്ഞാഴൊലാ നളിനി, അജ്ഞപോലെ നീ. 124

പാവനാംഗി, പരിശുദ്ധസൌഹൃദം
നീ വഹിപ്പതതിലോഭനീയമാം,
ഭാവിയാലതു, ചിതാശവങ്ങളിൽ
പൂവുപോൽ, അശുഭനാശകരങ്ങളിൽ. 135

Digitized By Kerala Sahitya Akademi

സ്നേഹമാമഖിലസാരമൂഴിയിൽ
സ്നേഹസാരമിഹ സത്യമേകമാം,
മോഹനം ഭുവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ! വെടിഞ്ഞു ഞാൻ. 135

ആപ്തസത്യനവിയോഗമാം സുഖം
പ്രാപ്തമാം സഖി രഹസ്യമോർപ്പവൻ,
ആപ്തനിങ്ങനെ കനിഞ്ഞുരയ്ക്കവേ
ദീപ്തദീപശിഖപോലെനിന്നവൾ. 137

നോക്കിനിന്നു ഹൃതയായവന്റെ ദി-
വ്യൈക്യനിർവൃതി കരോജ്ജ്വലാനനം,
വാക്കിനാലപരിമേയമാം മഹാ-
വാക്യതത്ത്വമവനോതി ശാശ്വതം. 138

ശങ്കപോയ്, ശിശിരവായുവേററപോ-
ലംകുരിച്ചു പുളകം, വിറച്ചുതേ
പങ്കഹീന, ഘനനാദഹൃഷ്ടമാം
പൊങ്കടമ്പിനുടെ കൊമ്പുപോലവൾ. 139

അന്തരത്തടരസോഷ്മി ദുഃസ്ഥയായ്
ഹന്ത! ചാഞ്ഞു തടവല്ലിപോൽ സഖി,
സ്വന്തമെയ് വികലമായപോലണ-
ഞ്ഞന്തരാ നിയമി താങ്ങി കൈകളാൽ. 140

ശാന്തവീചിയതിൽ വീചിപോലെ സം-
ക്രാന്തഹസ്തമുടൽ ചേർന്നു തങ്ങളിൽ,
കാന്തനാദമൊടു നാദമെന്നപോൽ,
കാന്തിയോടപരകാന്തി പോലെയും. 141

Digitized By Kerala Sahitya Akademi

ധന്യമാം കരണസത്വയുഗ്മമ-
ന്യോന്യലീനമറിവാറു നില്ലഹോ
കന്യ കേവലസുഖം സമാസ്വദി-
ച്ചന്യദുർല്ലഭമലോകസംഭവം. 142

ഭേദമില്ലവളിയന്നൊരാ സുഖം
താദൃശം സകല ഭോഗ്യമല്ലതാൻ,
ഖേദലേശവുമിയന്നതില്ല, വി-
ച്ഛേദഭീതിയുളവായുമില്ലതിൽ. 143

ചാരുഹാസ,യറിവെന്നി പെയ്ത ക-
ണ്ണീരുടൻ, ചാരമേഘവൃഷ്ടിപോൽ,
ധാരയായലഘ നനഞ്ഞ നെഞ്ചില-
ധീരധീ പുളകമാർന്നുമില്ലവൻ. 144

ഓമലാൾമുഖമതിന്നു നിർഗ്ഗമി-
ച്ചോമിതിശ്രുതിനിഗൂഢവൈഖരി,
ധാമമൊന്നുടനുയർന്നു മിന്നൽപോൽ
വ്യോമമണ്ഡലമണഞ്ഞു മാഞ്ഞുതേ. 145

ക്ഷീണനായ് മിഴിയടച്ചു, നിശ്ചല-
പ്രാണയായുടനവൻെറ തോളതിൽ
വീണു, വായു വിരമിച്ചു കേതുവിൽ
താണുപററിയ പതാകപോലവൾ. 146

ഞെട്ടിയൊന്നകമലിഞ്ഞു സംഭ്രമം
വിട്ടുവീർത്തു നെടുതായ് മഹായമി
പട്ടിടഞ്ഞതനു തൻെറമേനി വേർ-
പെട്ടിടാഞ്ഞു ബത! ശങ്കതേടിനാൻ. 147

Digitized By Kerala Sahitya Akademi

സ്തബ്ധമായ് ഹൃദയമേറി ധാരയാ-
പൃഷ്ഠധാരാർദ്രമെയ് തണുത്തുപോയ്,
സുപ്തിയല്ല ലയമല്ല യോഗമ-
ല്ലപ്രശാന്തവളെന്നറിഞ്ഞൊരാൾ. 148

എന്തുസംഭവമിതെന്നുമാനസി
ഞെന്തുചേതമിതിനെന്തൊരർത്ഥമോ!
ഹന്ത! കർമ്മഗതി! ബാലയെന്റെ ബാ-
ഹ്വന്തരം ചരമശയ്യയാക്കിനാൾ! 149

സ്നേഹഭാജനമവൾ ഹൃതിതിൽ
ദേഹമിങ്ങനെ വെടിഞ്ഞു പോയപ്പോൾ
മോഹമാർന്ന പരമാംമഹസ്സൊടോ
മോഹനാംഗി തഴുകിക്കഴിഞ്ഞിടം! 150

അറിഞ്ഞു താരുണ്യകൾക്കട നി-
സ്സാരമേവമസുഖബന്ധമെന്നഹോ!
നാരി, നിന്നിളവയസ്സിതെന്ന് ഹാ-
ത്താരിയന്ന് പഠിപ്പാനമേതമേ! 151

ഞെട്ടറുന്നമലരും മൃണാളവും
വിട്ടിടുന്ന ഹിമബിന്ദുതാനുമേ
ഒട്ടുദുഃഖമിയലാം, വപുസ്സു വേ-
റിട്ടു നിൻ സുഖമഹോ! കൊതിക്കിലാം. 152

ഹന്ത! സാധ്വി, മപൂതീകരിച്ചു നീ
സ്വാന്തവൃത്തി സുകുമാരചേതനേ,
എന്തു നാണമിയലാം ഭോജ്ജിതൻ
ജന്തുഭീകരകരൻ, ഖരൻ, യമൻ?. 153

Digitized By Kerala Sahitya Akademi

ജ്ഞാനസൌഹൃദമുദ്ദുവാൻ സ്വയം
ജാത തൃഷ്ണയുടെ മാനസത്തെപ്പോൽ
നീ തുറന്നിതു, നിരാശിച്ചിരിക്കിൽ നി-
ന്നേതു സാഹസികനാമഹോ! പ്രിയ! 154

ത്യാഗമേവരു വരും സമഗ്രമ് -
ഭോഗമോഹനഗതിക്കുമേ
വേഗമിന്നതുവെടിഞ്ഞു ഹാ! മഹാ-
ഭാഗ്യയാം നളിനി! ധന്യതന്നെ നീ! 155

ഉത്തമേ! വിശദരാഗമാകുമ-
ന്നുൾത്തടത്തെയുമുലച്ചു ശാന്ത നീ
ഉത്തരം ധരിച്ചിതെന്തു ശുദ്ധമാം
ചിത്തവും മധുരമായ രൂപവും? 156

നേരു—ശൈശവമതികലർന്ന നിൻ
ശുദ്ധിയാം ഗുണമറിഞ്ഞതില്ല ഞാൻ,
കോരകത്തിൽ മധുവെന്നപോലെ ഹൃ-
ത്താരിൽ നീ പ്രണയമാർന്നിരുന്നതും. 157

ഇന്നദേറ്റു! പ്രിയസംഗമം സ്വയം
തന്ന ദൈവഗതിയെത്തൊഴുന്നു ഞാൻ,
ഖിന്നമല്ലുരുതപിച്ചിടുന്നു, തേൻ-
വെന്ന നിന്മൊഴികൾ നിന്നുപോകയാൽ. 158

ബദ്ധരാഗമിഹ നീ മൊഴിഞ്ഞൊരാ-
ശുദ്ധവാണി വനവായുവിലീനമായ്,
ശ്രദ്ധയാർന്നിതിനെയാസ്വദിച്ചു ഹാ!
സിദ്ധസന്തതി സുഖിക്കുമാറഹോ! 159

Digitized By Kerala Sahitya Akademi

അകുലത്വമിയലില്ല യോഗി ഞാൻ,
ശോകമില്ലിനി നിനക്കുമേതുമേ,
നീ കുലീനഗുണദീപികേ, വിടും
ലോകമാണു ദയനീയമെൻപ്രിയേ! 160

വേണിയാകിയ വെളുത്ത നിർഝര-
ശ്രേണി ചിന്നി ചിരഫോത്തിയാർന്നുതാൻ
ക്ഷോണി കന്ദരനിരക്കു കണ്ഠമായ്
കേണിതാ മുറയിടുന്നു കേൾക്ക നീ! 161

നിലവിൻ നടുവുറച്ചു ഭാനു, കാ-
ണ്മീല കാറ്റിലുമനക്കമൊന്നിനും,
ബാല നീ ഝടിതി പൊങ്ങുമൂക്കിനാൽ
കാലചക്രഗതി നിഃപോഷിതാ! 162

ധന്യനായി സഖി ഞാനസംശയം,
നിന്നൊടൊക്കുമുപദേശഭാജനം,
അന്യനാം ഗുരു ലഭിച്ചതില്ല യീ-
മന്നിൽ വിദ്യവെളിവായ നാൾമുതൽ. 163

മാനസം പരിപവിത്രമായി നിൻ
ധ്യാനയോഗ്യചരിതം സ്മരിച്ചയേ!
ജ്ഞാനിനീ! ഭവതിസിദ്ധിയാർന്നൊരെൻ-
മേനിയും മഹിത തീർത്ഥഭൂമിയായ്! 164

ധർമ്മലോപമണയാതെ നമ്മളിൽ
ശർമ്മവും വ്യഥയുമേകിയേറെനാൾ
നിർമ്മലേ! ഒരുവഴിക്കു നീണ്ടൊരീ-
കർമ്മപാശഗതി നീ കടന്നുതേ! 165

Digitized By Kerala Sahitya Akademi

പ്രേമദൈവമിയന്നി വന്നമുഖം-
സ്ഥൈര്യമാററരുളിയാൻപിന്നെയും
ഒരു മഹാൻ നിയമം, ചലിക്കുമേ
ഭൂമിയും ഹൃദയലീനമഹത്ത്വവാൽ. 166

ദ്രുതമവിടെയണഞ്ഞാ ശിഷ്യരെത്തേടിയപ്പോൾ
കൃതനിയമ കഴിഞ്ഞാ ചാർത്തു കാഷായവേഷാ
മൃതതനുവതുകണ്ടൊട്ടു വാവിട്ടുകേണാൾ
ഹത ശിശുവിനെനോക്കീട്ടമ്മയാം ധേനുപോലെ. 167

'നളിനി' 'നളിനി' യെന്നാമന്ത്രണം ചെയ്തു ചെന്നാ-
മിളിതയമി വപുസ്സായോരു പൂമെയ്യെടുത്താൾ
ദളിതഹൃദയ—കൈയാൽ ശാന്തിബിംബത്തിൽനിന്നും
ഗളിത സുഷമമാം നിർമ്മാല്യമാല്യം കണക്കെ. 168

അന്യോന്യസാമ്യമൊട്ടു നീപകുശാസ്തരത്തിൽ
വിന്യസ്തമാക്കി മൃദുമെയ്യവർ നോക്കിനിന്നാർ,
വന്യദ്രുമേസ്ഥഗളിതം ബിസപുഷ്പമൊത്താ-
ന്ന്യൂന ദീനതയതെങ്കിലുമാതതോന്നും. 169

[illegible]ല്ലാവലയത്തഥ പരസ്പരമാതിവൃത്ത-
ല്പനബോധരവരൊത്തു വിധിപ്രകാരം
ചൊല്ലൊന്നുമാഗിരിജ ചേവടി ചേർത്തിടിക്കിൽ
കല്പിച്ചവർക്കു പന്നം വരയോഗിയോഗ്യം. 170

നിവാപവിധിപോലെ ബാഷ്പനിരതൂവി നിക്ഷിപ്തമാം
ശവാസ്തരമകന്നു ഹാ! കൃപണർപോലെ രണ്ടാളുമേ
പ്രവാസമതിനായ് സ്വയം പുനരുറച്ചൊരാ യോഗിയാം 171
ദിവാകരനെവിട്ടു യോഗിനിമറഞ്ഞു, സന്ധ്യാസമം.

Digitized By Kerala Sahitya Akademi

ലോകക്ഷേമോൽസുകനഥ വിദേശത്തിൽ വാണായതിന്നാൽ,
ശോകം ചേർന്നീലവനു നളിനീ ചിന്തയാൽ ശുദ്ധിയേറി,
ഏകാന്താച്ഛം വിഷയ മാലിന്യങ്ങളുമേ ചിത്തവൃത്തി-
ക്കേകാ—കണ്ണാടിയിലിനമയൂഖങ്ങളും മങ്ങാ പതിക്കാ.

അവനു പുനരമോഘം പോയി മൂന്നാണ്ടു, ഉദിതോ-
ത്സവനിരവധി, സൂരികളുമോ നിത്യഭാഗ്യം
അവിദിതതനുപാതം വിസ്മയം യോഗമാർജ്ജി-
ച്ചവിരതസുഖമാർന്നാനാമഹാൻ ബ്രഹ്മഭൂയം! 173

ശുഭം.

Digitized By Kerala Sahitya Akademi

നളിനീവ്യാഖ്യാനം.

കെ. അയ്യപ്പൻ ബി. എ.

പേര്—ഈ കാവ്യത്തിൽ നായികയായ നളിനിയുടെ സ്നേഹത്തെയാണ് പ്രധാനമായി വർണ്ണിക്കുന്നത്. അതുകൊണ്ട് "നളിനി" എന്നോ ഒരു "സ്നേഹം" എന്നോ പേര് യോജിക്കും. സ്നേഹം എന്നതിനുപകരം പ്രേമം എന്ന വാക്കായിരുന്നു എന്നു ചിലർക്ക് അഭിപ്രായമുണ്ട്. നായികാനായകന്മാർ തമ്മിൽ ആദ്യം സ്നേഹിതരായിരുന്നു. ആ ബന്ധം ഒടുവിൽ നായികയിൽ അനുരാഗമായിട്ടു പരിണമിക്കുന്നു. ആ അനുരാഗവും "ശൃംഗാരക്കറ"യില്ലാത്ത സ്നേഹമായിട്ടാണ് കാണിച്ചിരിക്കുന്നത്. ഈ കാരണങ്ങളാൽ "സ്നേഹം" തന്നെ യോജിച്ച പദം.

കാവ്യാരംഭം—ആശാൻ പഴയ സംസ്കൃതകാവ്യസമ്പ്രദായങ്ങളിൽനിന്നും പുതിയ ഇംഗ്ലീഷ് കാവ്യസമ്പ്രദായങ്ങളിൽനിന്നും നല്ലരീതികളെ സ്വീകരിച്ചിട്ടുള്ള കവിയാണ്. സംസ്കൃതകാവ്യശാസ്ത്രപ്രകാരം കാവ്യാരംഭത്തിൽ ആശീസ്സ്, നമസ്കാരം, വസ്തുനിർദ്ദേശം ഇവയിൽ ഒന്നുവേണം. പ്രസ്തുത കാവ്യം വസ്തുനിർദ്ദേശത്തോടുകൂടെ തുടങ്ങുന്നു. ഇതു പരിഷ്കൃതരീതിക്കു യോജിച്ചതുമാണ്.

നല്ല=ശുഭസംബന്ധമായ മംഗളദ്രവ്യങ്ങളും രാമണീയകം, ശുദ്ധി മുതലായ ഗുണങ്ങളും ഉള്ള ഹൈമവതഭുവിൽ=ഹിമവൽപ്രദേശത്തു. ഏറയായ്‌കൊല്ലം—വളരെ കൊല്ലംമുമ്പ എന്നു പറയാതെ ഒരു വാക്യമായി ഇടയ്ക്കു ചേർത്തതു കഥാകഥനത്തിൽ സ്വാഭാവികമാണ്; വിവക്ഷിച്ച അർത്ഥത്തിനു ശക്തിയുംകൂട്ടും. ഒട്ടു—"വേളയിൽ" എന്നതിനോടോ ഉല്ലസിച്ചു എന്നതിനോടോ ചേരുന്ന ഒരു പൂരണപദം. ഒരു വിശേഷവേളയിൽ=ഒരു രാവിലേ. യുവയോഗികളിൽ=യുവയോഗിയായ ഒരാൾ, അല്ലെങ്കിൽ ഒരു യുവയോഗി. വേറെ ആരും ഇല്ലായിരുന്നു എന്ന സാരം. ഉല്ലസിച്ചു=ശോഭിച്ചു. പുറമേയുള്ള ശോഭ മാത്രമല്ല അകമേയുള്ള ഉല്ലാസവും കാണേണം. ബാലരവി=ഉദിച്ചുവരുന്ന പ്രഭാതസൂര്യൻ. ഫ.

Digitized By Kerala Sahitya Akademi

ല്ലബാലരവിപോലെ ഉല്ലസിച്ചു എന്നോ ഫുല്ലബാലരവിപോലെ കാന്തിമാൻ എന്നോ അന്വയിക്കണം.

ഇനി നാലു ശ്ലോകംകൊണ്ടു യുവയോഗിയെ വൎണ്ണിക്കുന്നു.

൨. ഓതി=പറഞ്ഞു (സൂചിപ്പിച്ചു) ശ്രുതി=ശബ്ദം. ചിരതപസി=വളരെക്കാലമായി തപസ്സുചെയ്യുന്നവൻ. ദ്യോതമാനം=വിളങ്ങുന്നതു്. ഉടൽ=ദേഹം. നഗ്നം=വസ്ത്രമില്ലാത്തതു്. ശീതാതപാദികൾ=തണുപ്പു് വെയിൽ മുതലായവ. ഒട്ടു—ഇതു നഗ്നം എന്നതിനോടോ ജയിച്ചു എന്നതിനോടോ അന്വയിക്കാം. ആദ്യത്തെ പക്ഷത്തിൽ കുറച്ചു എന്നും രണ്ടാംപക്ഷത്തിൽ അധികം എന്നും അൎത്ഥം എടുക്കണം. സമുച്ചയം അധികമായതുകൊണ്ടു് ഈ ശ്ലോകത്തിൽ അന്വയം വിഷമമായിത്തോന്നും. നീണ്ട ജടയും നഖങ്ങളും ശ്രുതിയും (കൎത്താവു്) ആയവൻ ചിരതപസിയെന്നും (കൎമ്മം); നഗ്നം ദ്യോതമാനം ഉടൽ (കൎത്താവു്) ഒട്ടുശീതാതപാദികൾ അവൻ ജയിച്ചതും (കൎമ്മം) ഓതി എന്നു അന്വയം.

൩. തനിക്കു പാരിൽ (ലോകത്തിൽ) ഭയമില്ലെന്നും ആരിലും കരുണയുണ്ടെന്നും (ഏറെ) ഏതിനും പോരും (മതിയായവനാണു്) എന്നും പ്രസന്നമായ (സന്തോഷംകൊണ്ടു തെളിഞ്ഞ) ധീരമായ (ധൈൎയ്യസൂചകമായ) മുഖകാന്തി (മുഖശോഭ)യാൽ ആവൻ അരുളി (പറഞ്ഞു) സൂചിപ്പിച്ചു.

൪. തല്പരതാ=ഉത്സാഹം, താല്പൎയ്യം. അവനാൎന്നിരുന്നു=ആയവനായിരുന്നു. വെന്നരിയെ=അരിയെ (ശത്രുവിനെ) വെന്നു (ജയിച്ചു) യോഗി അസാധാരണ ഉത്സാഹശീലനായിരുന്നുവെന്നു പറയുന്നു- ശത്രുവെ ജയിച്ചു നാടുവാഴാൻ ഒരുങ്ങുന്ന രാജാവിനെപ്പോലെ കൃതകൃത്യതയും ഗൌരവവും, കളിക്കാൻ തുടങ്ങുന്ന ചെറിയ കുട്ടിയെപ്പോലെ ചിന്താക്ലേശമില്ലായ്മയും ഉള്ളവനായിരുന്നു യോഗി.

൫. ധന്യത=കൃതകൃത്യത. അത്ര=ഈ ലോകത്തിൽ. ഭൌമൻ=ചക്രവൎത്തി. ചിത്തം=മനസ്സു്. സംയമി=യോഗി. വൈരി=ശത്രു. ആൎത്തൽ=ദുഃഖം.

യോഗിയോളം ധന്യാത്മത ചക്രവൎത്തിക്കും ഇല്ലെന്നു അൎത്ഥാന്തരന്യാസംകൊണ്ടു സമൎത്ഥിക്കുന്നു. സാമാന്യംകൊണ്ടു വിശേഷത്തെയോ

Digitized By Kerala Sahitya Akademi

വിശേഷംകൊണ്ടു സാമാന്യത്തെയോ സമർത്ഥിക്കുന്നതാണ്. അർത്ഥാന്തരന്യാസാലങ്കാരം. ആശാന്റെ അർത്ഥാന്തരന്യാസങ്ങളെല്ലാം വളരെ മനോഹരങ്ങളും സാരവത്തുക്കളുമാണ്.

൬. ധ്യാനശീലൻ=ധ്യാനം ശീലമായിട്ടുള്ളവൻ. അധിത്യക=മലയുടെ മുകൾപ്പരപ്പ്. അധിത്യകാസ്ഥാനമാന്=മുകൾപ്പരപ്പിൽനിന്ന്. തടം=താഴ്‌വര. വന്=ആകാശം. നിജനീഡം=തന്റെ കൂട്. നിജനീഡമാം കാനനം=തന്റെ കൂടിരിക്കുന്ന കാട്. ഖഗയുവാവ്=പക്ഷിയുവാവ്. ആകാശത്തിൽനിന്നു പക്ഷി കൂടിരിക്കുന്ന കാടു നോക്കുന്നതുപോലെ എന്ന ഉപമകൊണ്ടു യോഗിയുടെ ലൌകികമായ ബന്ധവസ്തു താഴ്‌വരയിലുണ്ടെന്നു ധ്വനിപ്പിക്കുന്നുണ്ട്. പിന്നീടുണ്ടാകുന്ന സംഗതികളെ മുൻകൂട്ടി ധ്വനിപ്പിക്കുന്ന അലങ്കാരപ്രയോഗത്തിൽ ആശാൻ മഹാചതുരനാണ്. ഇതു നാടകകവികൾക്കു സഹജമായ ഒരു സൂത്രമാണ്.

൭. ഭൂരിജന്തുഗമനങ്ങൾ=പലമാതിരി ജന്തുക്കളുടെ പോക്കുകളോടുകൂടിയവ "കാടുകൾ" എന്നതിന്റെ വിശേഷണം. ഇങ്ങനെ സംസ്കൃതസമാസപദങ്ങൾ വിശേഷണങ്ങളായി കവി സാധാരണ പ്രയോഗിക്കാറുണ്ട്. ഭൂരുഹങ്ങൾ=മരങ്ങൾ. ദൂരദർശനകൃശങ്ങൾ=അകലെ കാണുന്നതുകൊണ്ടു ചെറുതായി തോന്നുന്നവ. ഇതും കാടുകളുടെ വിശേഷണം. ചാരുചിത്രപടഭംഗി=മനോഹരമായ ചിത്രപട (വിചിത്രമായപട)ത്തിന്റെ ഭംഗി. ചിത്രപടത്തിനു നാടകക്കർട്ടൻ എന്നും അർത്ഥം ഉദ്ദേശിച്ചിരിക്കാം.

൮. പുരപുഷ്പവാടികയിലുള്ള=പട്ടണത്തിലെ പൂങ്കാവനത്തിലുള്ള. വാപികൾ=കുളങ്ങൾ. പണ്ടു താൻ പാർത്തിരുന്ന പട്ടണത്തിലെ പൂങ്കാവനത്തിലുള്ള കുളങ്ങളെക്കാളൊക്കെ കേമമായ പൊയ്കയിൽ എന്നു പൂർവ്വാർദ്ധത്തിന്റെ സാരം. കുതുകമാർന്ന=കൌതുകത്തോടുകൂടി. കണ്ടു എന്നതിന്റെ വിശേഷണം. തെന്നൽ=തെക്കൻകാറ്റ്. ഉലഞ്ഞു=ആടി. താരുകൾ=പൂക്കൾ.

൯. സാവധാനം=സാവധാനമായി. എതിരേറ്റു ചെല്ലുവാൻ=എതിരേറ്റുകൊണ്ടു ചെല്ലുവാൻ, എതിരേല്ക്കുവാൻ എന്നു സാരം. എതിരേറ്റു കൊണ്ടുചെല്ലുവാൻ എന്നർത്ഥം ഇല്ല. വികസ്വരസരസ്സ്=വിടർന്ന സരസ്സ്. പൂക്കളുടെ വിടർച്ച സരസ്സിൽ ആരോപിക്കുന്ന അലങ്കാരപ്രയോഗം.

Digitized By Kerala Sahitya Akademi

പാവനൻ=പരിശുദ്ധൻ. സുരഭിവായു=സൌരഭ്യമുള്ള കാറ്റ്. പദന്നി=
നടന്നു.

൫൦. യോഗതർ=യമനവർ. വിഹഗസ്വരങ്ങൾ=പക്ഷികളുടെ സ്വരങ്ങൾ. സരോജിനി=താമരപ്പൊയ്ക. വശഗനാക്കി=വശപ്പെടുത്തി. പക്ഷികളുടെ സ്വരങ്ങൾപോലെയുള്ള സ്വരങ്ങളാൽ സരോജിനി യോഗിയായ ആ ദേവനെയും വശനാക്കിയെന്നും സ്പഷ്ടം. രമ്യഭോഗഭംഗികൾ=മനോഹരഭോഗങ്ങളുടെ ഭംഗികൾ മഹിമാതിശയത്തെ കാണിക്കാം.

൫൧. ശുഭവൃത്തി=നല്ലതും ഭംഗിയുള്ളതുമായ വൃത്തി. ഇവർ=യോഗികൾ. അനാവൃതദേശം=നിർല്ലോഭമായ ഭോഗാവസ്ഥ. വന്യശോഭ=കാട്ടിന്റെ ഭംഗികൾ. നിസർഗ്ഗജ=പ്രകൃത്യാ ഉള്ളത്. സരോജിനി യോഗിയുടെ സ്തുതിയും അംഗീകരിച്ചു എന്നതിനു സമാധാനമായി ശുഭാനുഭൂതി ആരായും ചരിക്കുമെന്നു കഴിഞ്ഞ ശ്ലോകത്തിൽ പറഞ്ഞതല്ലേ. എന്നതന്നെയല്ല, ശുഭ്രവൃത്തി യോഗികൾക്കുള്ള നിർല്ലോഭാവസ്ഥയാണെന്നും പ്രത്യക്ഷിച്ചു ഈ യോഗിനി കുട്ടികളുടെ ഭംഗിയിൽ പ്രത്യാരോപണമായി പറഞ്ഞിരിക്കുന്നു.

൫൨. ശാഖാഗ്രം=വൃക്ഷശാഖകളിലുള്ള രസംഗങ്ങൾ. മനോജ്ഞൻ=സന്തുഷ്ടചിത്തൻ. ആ ഇടവഴിക്കു തന്നെ=ആ വഴിക്കുതന്നെ. തന്നിവർ=തന്നെ ഇവർ എന്നു പദച്ഛേദം. ഇവൻ നടന്നതിന്റെ കാരണം പറഞ്ഞതുമാത്രമായിരിക്കണമെന്നില്ലെന്നും അതിന്റെ ഫലവും ഒന്നതന്നെയായിരിക്കണമെന്നില്ലെന്നും ഒരു അർത്ഥാന്തരന്യാസംകൊണ്ടു പറയുന്നു. ഏകകാര്യം=ഒരു കാര്യം. ബഹുഫലം=പലതിൽ നിന്നുള്ളവ—പലകാരണങ്ങളാലുണ്ടാകാമെന്നു സാരം. ഏകഹേതു=ഒരു കാരണം. ബഹുകാര്യകാരി=പല ഫലങ്ങളെ ഉണ്ടാക്കുകയും ചെയ്യാം. യതിയുടെ ഗമനത്തിനും മുൻ പറഞ്ഞതിനും പുറമെ കാരണങ്ങളും ഫലങ്ങളും ഉണ്ടായിരിക്കാമെന്നു വ്യഞ്ജന.

൫൩. ചെറ്റകാന്തിയണിവാറു=സ്വല്പം ഉൾക്കണ്ണായിരുന്നിട്ടെന്നപോലെ. നെടുതായ്‌വീർത്തു=ദീർഘശ്വാസമിട്ടു. യതി=യോഗി. (ഉണ്ടാകുന്നവൻ എന്നു സാരം.)

൫൪. അന്തരം=അകത്ത്. ചിന്ത=ഉൽക്കണ്ഠ.

Digitized By Kerala Sahitya Akademi

൫൩. അകം=ഉള്ള്-മനസ്സ്. ഓളം തേടുന്ന=ഓളം ഉണ്ടാക്കിയ. ഞാ ഞ്ഞു=എത്തി. അനതിദൂരവൃത്തിയിൽ=അധികം അകലെയല്ലാതെ സ്ഥലത്ത്- തരുവിലീനമണിയായ്=മരംകൊണ്ടു മറഞ്ഞ മേഘത്തോടുകൂടിയ. ഹൃത്ത ടം=ഹൃദയമാകുന്ന തടം. അട്ടഹാസത്തിന്റെ മനഃക്ഷോഭം ഉണ്ടാക്കിയ തോട്ട വീഴ്ച് എത്തി ഓർമ്മ ഹൃദയം തിരതല്ലി. അട്ടഹാസത്തിനു ഉള്ളിൽ ഓളം പോലെ ക്ഷോഭം ഉണ്ടായപ്പോൾ മറ്റൊ ഓർമ്മ തിരപോലെയാണ് വി കാരം ഇളക്കിയത് എന്നു സാരം.

ഇനി ആൾ ആരെന്നു വിവരിക്കുന്നു

൫൪. സ്വാതന്ത്ര്യം=തന്റെ വ്രതം. ഈയാൾ=ഞാനെന്നു്. ബന്ധു രാഗരുചി=മനോഹരമായ ദേഹകാന്തി. ഉലവ്=ചേർന്നു. ബ്രഹ്മസന്ധ്യ= പ്രഭാതസന്ധ്യ (അതിന്റെ ദേവത) പാവനാംഗി=മനോജ്ഞാംഗി.

൫൫. അതിനിത്യങ്ങളെ=അതിനിതു ഉണ്ണ്ണ എന്നു പദച്ഛേദം. ബന്ധ വൈഭവം=സ്നേഹബന്ധശക്തി.

൫൬. തപ്പോദ്ധരിതയാം=തപസ്സു കൊണ്ടു മടങ്ങിയവൾ. തൽക്ഷണം= ഉടനെ. ശീതബാധ=കുളിരിന്റെ ഉപദ്രവം. ശോഭമായ്=വിളറി. ഝ ടിതി=വേഗം. കംപമാകം=കമ്പപ്രഭേദ്ദക്തി. (വിറയൽ.) ആതപം= വെയിൽ. (ഇളംവെയിൽ.) കുളിരേറ്റാകയും ചുവന്ന വെയിലേല്ക്കുകയും ചെയ്തിട്ടും മുഖം വിളറി. ഉള്ളുണ്ടായെന്നു സാരം.

൫൭. ആശ=ആഗ്രഹം. ആഗ്രഹം സാധിക്കുമെന്നു വിശ്വാസം. അതിപ്രിയതാഭരാൽ=അതിപ്രേമം നിമിത്തം. ആ പേശലാംഗി=സുന്ദരി. ... ഓർമ്മ=ദുഃഖമുണ്ടാകുന്ന ഓർമ്മ. അശ്രു=വേഗം. ജരൽപ്രലാപനം=ജ ഴലകം ഓർമ=ദുഃഖമുണ്ടാകുന്ന ഓർമ്മ. ... ശിരീഷലത=നല്ല തേന്മേനി രത്നകല്ലായ (വാടിയ) പൂക്കളോടുകൂടിയത്. ശിരീഷലത=നല്ല തേന്മേനി വാക. ലതാപദം ശ്രേഷ്ഠതയെ കുറിക്കുന്നു.

പൂർവ്വസ്നേഹത്തിന്റെ ദുഃഖകരമായ സ്മരണ വന്നു അവൾ തേങ്ങി. സ്മരണ പെട്ടെന്നുള്ളതും തടുക്കാൻ പാടില്ലാത്തതുമായിരുന്നു എന്നു വായു വിൽ എന്ന ഉപമയുടെ വ്യാഖ്യാ.

൫൮. സീമയററഴല്=സീമയററ അഴല്, (അതിരററ) ദുഃഖം. സൂചി ഭേദ്യമാകുംവണ്ണം=കേഴത്തെ തകഴമം—ക്രിയാവിശേഷണം. സൂചികൊണ്ടു ഭേദിക്കാവുന്നവണ്ണം. ഒന്നു ചലിച്ച്=ഒന്നു ഇളകി. സ്ഥിരിപ്പിച്ചുകൊണ്ട്. അഥ=അനന്തരം.

Digitized By Kerala Sahitya Akademi

വാമനേത്രാ=ഭംഗിയുള്ള കണ്ണുകളുള്ളവൾ. (സുന്ദരി) വാമം=ഇടത്തു്. കരം ചലിച്ചു എന്നു അന്വയം. ഓമനച്ചുറ്റുണാളം=ഭംഗിയുള്ള ഇളയ താമരവളയം. നിമിത്തശാസ്ത്രപ്രകാരം സ്ത്രീകൾക്കു ഇടത്തു കൈ തുടിക്കുന്നതു ശുഭസൂചകമാണു്. കാളിദാസമഹാകവിയെപ്പോലെ പ്രകൃതകവിക്കും നിമിത്തത്തിൽ വിശ്വാസമുള്ളതായിട്ടാണു് ഊഹിക്കേണ്ടതു്.

൮൭. കാനനതപസ്വിനി=കാട്ടിൽ തപസ്സുചെയ്യുന്നവൾ. ചിന്ത=ഉൽകണ്ഠ. ഇവൾ ചിന്തയാൽ പാടിനാൾ എന്നു അന്വയം. കാനനതപസ്വിനി എന്നതും ബാല എന്നതും ഇവൾ എന്നതിന്റെ വിശേഷണം. ഹന്ത!=ആശ്ചര്യം! കാനനതപസ്വിനിയായിട്ടും ചിന്തയാന്തിലാണു് ആശ്ചര്യം! എന്തിനോ—ഈ ചോദ്യം സംശയത്തെ കുറിക്കുന്നു. കുലവധൂടികൾ=കുലകന്യകകൾ. അന്തരംഗഗതി=മനോരഥം. ആരറിഞ്ഞുതാൻ=ആർക്കും അറിഞ്ഞുകൂടാ.

൮൮. തപസ്വിനിയുടെ ഉൽകണ്ഠയുടെ കാരണം എനിക്കു അറിഞ്ഞുകൂടെന്നു കവി ഭാവിക്കുന്നതു വായനക്കാരുടെ ജിജ്ഞാസ കൂട്ടാനാണു്. ഇനി അവളുടെ കഥ പറയാൻ തുടങ്ങുന്നു. കന്നിനിശ്ചയം=കന്നിതീർച്ച. ഉല്ലസച്ഛോഭയാൾ=ഏറ്റവും സൌന്ദര്യമുള്ളവൾ. കന്ദവല്ലി=കരുക്കത്തിമുല്ല വള്ളി. കന്ദവല്ലി ഉദ്യാനലതയാണു്. അതു കാട്ടിൽ നിന്നാലും അതിന്റെ കാന്തി കാട്ടുലതകൾക്കില്ലാത്തതുതന്നെയായിരിക്കും. അതുപോലെ ഇവൾ കാട്ടിൽ വന്നിട്ടും നാഗരികകന്യകയെന്നു ഊഹിക്കാമെന്നു സാരം.

൮൯. ഇവൾ താപസപുത്രിയല്ലെന്നും നാഗരികകന്യകയായിരിക്കണമെന്നും കഴിഞ്ഞ ശ്ലോകത്തിൽ ഊഹിച്ചു. നാഗരികകന്യകകളുടെ ഇടയിലും ഇവൾ അസാധാരണ സുന്ദരിയാണെന്നു ഈ ശ്ലോകത്തിൽ പറയുന്നു.

സ്വല്പഭംഗഭംഗി=ദുർല്ലഭമായ അംഗഭംഗി. (സൌന്ദര്യം) ഉള്ളവൾ. ...=ഈ ഭൂതലത്തിലും. തരുണി=യുവതി. പൌരിമാർ=നാഗരികകന്യകമാർ. മിന്നുകില്ലി=മിന്നുകയില്ലയോ. ശരദഭ്രശാതാ=ശരത്തിലെ അഭ്രത്താൽ

[illegible]. ശരത്തു്=ശരൽകാലം. അഭ്രം=മേഘം. ശാതാ=മെലിഞ്ഞതു്, ക്ഷീണിച്ചതു്. ശരൽകാലത്തു മേഘം വെള്ളയായി മിന്നൽ ചുരുങ്ങിയിരിക്കുന്നതു സ്വാഭാവികമാണു്. ഖിന്നം=ദുഃഖിതം. ദുഃഖം കവിഭാവനയാൽ ആരോപിതമാണു്. തടില്ലത=മിന്നൽകൊടി. ശരൽകാലംകൊണ്ടു ക്ഷീ

Digitized By Kerala Sahitya Akademi

ണിച്ചാലും മിന്നൽ മിന്നും. അതുപോലെ ദുഃഖംകൊണ്ടു ക്ഷീണിച്ചാലും ഇവളുടെ സൌന്ദര്യം അസാധാരണംതന്നെ.

൨൪. ഇതിൽ തപസ്വിനിയുടെ പൂർവ്വചരിത്രം കുറെക്കൂടി വിശദമാക്കുന്നു. കൃച്ഛ്രമായ്=പണിപ്പെട്ടു. സ്വച്ഛസൌഹൃദർ=നിർമ്മലസ്നേഹമുള്ളവർ. ആർത്തിയാൽ=ദുഃഖംകൊണ്ടു്. ഇച്ഛയാൽ=ഇച്ഛയോടുകൂടിത്തന്നെ. മൃതി=മരണം. വരിച്ചു=സ്വീകരിച്ചു. ഇവൾ പണിപ്പെട്ടു ഉപേക്ഷിച്ചു പോന്നവരും സ്വച്ഛസൌഹൃദരും ഇവളെപ്പോലെയുള്ളവരുമായ അച്ഛനമ്മമാർ ദുഃഖംകൊണ്ടു ആത്മഹത്യചെയ്തുവത്രേ എന്നു സാരം.

൨൫. ഹസിക്കരുതു്=ആക്ഷേപിക്കരുതു്. സാഹസിക്യം=സാഹസം. കേവലം=തീരെ. ഇവൾ സാഹസംകാട്ടി എന്നു ആക്ഷേപിക്കരുതു്. സാധ്വിയായ ഇവൾ തന്റെ സ്നേഹം പ്രേരിപ്പിച്ചതു ചെയ്തതാണു്.

൨൬. സ്നിഗ്ദ്ധമാർ=സ്നേഹിതമാർ. അസന്ദിഗ്ദ്ധം=നിശ്ചയമായും. അശ്രുനിര=കണ്ണുനീർനിര. ചിരം=വളരെക്കാലം. മുഗ്ദ്ധ=സുന്ദരി. ഗൃദ്ധമാർ=മോഹിച്ചവർ. ഇവളെയോർത്തിരുന്നു തീർച്ചയായും സ്നേഹിതമാർ വളരെക്കാലം കരഞ്ഞിരിക്കണം. പല യുവാക്കൾ വേൾക്കാൻ കൊതിച്ചു സന്തപ്തരായിരുന്നിരിക്കണം.

൨൭. ഈവിധം=മുൻശ്ലോകങ്ങളിൽ വിവരിച്ചപ്രകാരം. സകലലോഭനീയം=സകലർക്കും കൊതിതോന്നിപ്പിക്കുന്നതു്. വ്രതവിശിഷ്ടം=വ്രതം (തപസ്സ്) കൊണ്ടു് ശ്രേഷ്ഠം. ഭാവുകാംഗി=മംഗളാംഗി. ആക്കിനാൾ എന്നതിന്റെ കർത്താവു്. ഭഗവദർച്ചനാർഹമാം=ഭഗവാൻ അർച്ചിക്കാൻ തക്കതു്.

൨൮. ജീവിതരേഖകൾ=ജീവിതാഗ്രഹങ്ങൾ. ജീവഗതി=ആത്മാവിന്റെ ഗതി. ജീവഗതിക്കാത്തു=ആത്മാവിന്റെ ഉൽഗതിക്കവേണ്ടി. ദേവദേവപാദസേവ=ഈശ്വരപാദസേവ. ആവിലത=കാലുഷ്യം. മനോദുഃഖം. ഏവം=ഇപ്രകാരം. മുൻവിവരിച്ചപ്രകാരം. ജീവിതാശകൾ നശിച്ചു, ഉൾപ്പൂവുവാടി, ജീവഗതിക്കായ്ത്തു്, ആവിലതപോവതിന്നു് ഇവൾ ഭൂമിയിൽ ഏവം ദേവദേവപാദസേവചെയ്യുകയാം എന്നു അന്വയം. ഭൂവാസത്തിൽ ഇവൾക്കു വേറെ ഉദ്ദേശം ഇല്ല എന്നു സാരം.

Digitized By Kerala Sahitya Akademi

൪൯. ശാന്താ=സമാധാനചിത്ത. സുചിരയോഗസംയതസ്വഭാവാ=ദീർഘകാലത്തെ യോഗാഭ്യാസംകൊണ്ടു് അടക്കിയ മനസ്സോടുകൂടിയവൾ. കാന്താ=സുന്ദരി. കാന്ത ഇവിടെ ഏതൊരാൾ മേവി എന്നർത്ഥം [illegible]=ഞാൻ. കഷ്ടം. അന്തേ=ഒടുക്കം. ഇതു അനിവാര്യമായ വികാരമാവുന്നു എന്നു ഉപമയുടെ ഭാവം.

൫൦. മഹാവ്രതാ=വലിയ തപസ്വിനി. സിദ്ധി=കാര്യസിദ്ധി. ആമയംപരമിദം=ഈ വലിയ ദുഃഖം. ഇവൾ കൊതിച്ച കാര്യസിദ്ധി എവിടെ ഈ ദുഃഖമെവിടെ. കാര്യസിദ്ധിക്കടുത്ത ദുഃഖമല്ലെന്നു സാരം. ഇതെന്തുവാൻ=എന്തുകഷ്ടം! ഹിതാർത്ഥമായ്=നല്ലതിന്നായ്. വാമലീല=പ്രതികൂലമായ കളി. അഥവാ, മനുഷ്യൻ നന്മക്കുവേണ്ടിത്തന്നെ വിധി പ്രതികൂലമായി പ്രവർത്തിക്കുന്നതായി വരാം.

൫൧. ശിവാംഘ്രിപങ്കജധ്യാനധാര=ശിവന്റെ പാദമാകുന്ന താമരപ്പൂവിന്റെ ധ്യാനത്തിന്റെ ധാര. ഉറച്ചിരാഞ്ഞവൾ=നിശ്ചലയായവൾ. ദീനയായ്=ഖിന്നയായ്. ശ്യാന=വററിയ. തടിനി=നദി. തനിയേ=മുഴുവനും. തനിയാകെ ശരീരത്തു ദീനയായ് എന്നു അന്വയം.

൫൨. ഹൈമം സരോജം=ഹിമത്തിലെ താമരപ്പൂവ്. അതു മഞ്ഞിന്റെ ബാധകൊണ്ടു വല്ലാതിരിക്കും. അവൾ [illegible] സന്താപിച്ചു എന്നർത്ഥം. വധുവിന്=പെണ്ണിന്. അധീരം=ധൈര്യമില്ലാത്തത്. അന്തരംഗം=ഉള്ള്. അതിവിജ്ഞാ=ഏററവും അറിവുള്ളവൾ. അറിവുണ്ടെങ്കിലും പെണ്ണിനു ഉള്ളിൽ ധൈര്യമില്ലെന്നു സാരം. ഇതു പൊതുവേ സ്ത്രീകളെപ്പററി പറയുന്ന ഒരു അർത്ഥാന്തരന്യാസമാണോ പ്രകൃതവധുവിനെ മാത്രം സംബന്ധിക്കുന്ന ഒരു പരാമർശപ്രസ്താവമായിട്ടേ എടുക്കാം.

൫൩. ഖിന്നഭാവം ഇതകററി=ഈ ദുഃഖസ്ഥിതി നീക്കി. പ്രതിനിവർത്തമാവാൻ=തിരിച്ചുകൊണ്ടുവരുവാൻ. സന്നദ്ധിച്ചു=ഉറപ്പിച്ചു. സന്നധൈര്യം=ധൈര്യംപോയവൾ. തനിയെ=ആരോടുമല്ലാതെ. (സ്വയം.) സരസ്സിൽ=പൊയ്കയിൽ. പുലമ്പിനാൾ=വായിൽവന്നതു പറഞ്ഞു.

൫൪. സ്വാമി=നായകൻ. രവി=സൂര്യൻ. തരളവായു=ചപലമായ കാററ്. ഖേദയന്തി=ദുഃഖിപ്പിക്കുന്നു. തൽകരസ്തോമം=അവന്റെ രശ്മികളുടെ കൂട്ടം.

Digitized By Kerala Sahitya Akademi

ഈ ശ്ലോകത്തിന്നു മൂന്നു് അർത്ഥം ഉണ്ടു്. ഒന്നു താമരയെ ഉദ്ദേശിച്ചുള്ളതാകുന്നു. സൂര്യനെ നോക്കിനില്ക്കുന്ന താമര തിരിയുന്ന ദിക്കിലെല്ലാം സൂര്യകരം ഉള്ളതുകൊണ്ടു അതു കാറ്റേറ്റു താലമുനമ്പിൽ ദ്രവിക്കാതെയിരിക്കുന്നു ഭാവം. ഇതു പ്രസ്തുതാർത്ഥമാണു്. ഇനി രണ്ടാമത്തേതു അപ്രസ്തുതമാണു്. താമരപ്പൂപകരം ഇതിൽ പറയത്തിരിക്കുന്ന തപസ്വിനിയെ എടുക്കണം. അവൾ സ്വാമിയായ രവിയെ=ഈശ്വരനെ. നോക്കിനില്ക്കുന്നവളാണു്=ധ്യാനിക്കുന്നവളാണു് അപ്പോൾ ശൈത്യവാതം=ചപലവികാരം ഏല്ക്കുന്നു. അതിൽ ദ്രവിക്കുന്നില്ല. എവിടെ തിരിഞ്ഞാലും ഈശ്വരചൈതന്യമുണ്ടല്ലോ. ഇങ്ങിനെ രണ്ടർത്ഥം. ഇനി ഒരർത്ഥം, സ്ത്രീ തന്റെ നായകനെ ഉദ്ദേശിച്ചു തപസ്സുചെയ്യുകയാണു്. അവൾ ദുഃഖാലംബിനിയാണു്. ദുഃഖിക്കുന്നു നായകന്റെ കൈ തിരിയുന്ന ദിക്കിലും ഉണ്ടു്. ഇതു നായകൻ അടുത്തു വന്നിട്ടുള്ളതിനെ സൂചിപ്പിക്കയാണു്.

൩൫. മിഹിരൻ=സൂര്യൻ. ആത്മേശഭ=തന്റെ കാന്തി. പൂക്കൾ, സൂര്യന്റെ കാന്തി സമ്പാദിക്കുന്നതായിട്ടുള്ള ഉല്ലേഖം ഇംഗ്ലീഷുകവികളിൽ ധാരാളം ഉണ്ടു്.

മധു=തേൻ. നാളി=കൊട്ടത്തു. ധന്യം=കൃതാർത്ഥം. താമര സൂര്യന്റെ കാന്തിയും വാങ്ങി മധുവും കൊടുക്കുന്നു. അതുകൊണ്ടു് താമരയുടെ ജീവിതം ധന്യമെന്നു നായിക പറയുന്നു. തനിക്കു അതുപോലെ തന്റെ ആത്മേശനായ ദൈവത്തിന്നു അല്പ്പമെങ്കിലും തന്നെ കൊതിച്ചുവരുന്ന ഒരാൾക്കു തന്റെ ജീവിതസൗഭാഗ്യമധുവിനെ കൊടുത്തും ജീവിക്കുവാൻ സാധിക്കുന്നില്ലല്ലോ എന്നു നായിക വ്യസനിക്കുന്നു.

൩൬. കേട്ടോ=കൃസൽ. അപഭീതി=ഭയം പോയവൻ. മനുഷ്യഗേയമാം=മനുഷ്യർ പാടേണ്ട. കൌതുകം=അറിയാനുള്ള ഉത്സാഹം.

൩൭. വാക്കിലും പൊരുളിലും=പദത്തിലും അർത്ഥത്തിലും. രസസ്രവംവാച്ചും=രസം ധാരാളം ഒഴുകുന്ന. എത്തിടും=വരുന്ന. ലാക്കിലും എന്നതിന്റെ വിശേഷണം. ലാക്കിൽ=വഴിക്കു. മധുരശബ്ദം എത്തുന്നവഴിക്കു ചെവി പാർത്തും കാട്ടിൽ നോക്കിക്കൊണ്ടും അവൻ ലയലീനനായ് നിന്നു. ലയലീനനായ്=(പാട്ടിന്റെ) ലയത്തിൽ ലയിച്ചവനായി.

൩൮. ഹാ! വിശിഷ്ടമധുരഗാനം=എത്ര വിശിഷ്ടവും മധുരവുമായ പാട്ടു്! ഇന്നി=ഇനി. അനക്ഷരം=അക്ഷരമില്ലാതെ, നാദമാത്രമായി. നീ

Digitized By Kerala Sahitya Akademi

ക്രുവിടാഗ്ഗ=ക്രുവാതിരിക്കുക. കയിലിന്റെ പാട്ടുപോലെ സുഖമുള്ളതും ഴി ന്നാൽ അർത്ഥമുള്ളതുകൊണ്ട് അതിനേക്കാൾ വിശിഷ്ടവുമെന്നു സാരം. ഉ ങ്ങളുടെ അലയും (ഇളകുന്ന) തലയും ശാഖയും ഇപ്രകാരം പറഞ്ഞോ എ ന്നോന്നും എന്നു ഉൽപ്രേക്ഷ. പാട്ടിനെ തലകുലുക്കി ശരിവെച്ചു എന്നും കയി ലിന്റെ പാട്ടിനെ കൈകൊണ്ടു നിഷേധിച്ചു എന്നും വ്യംഗ്യം.

൪൯. കണ്ണി=സ്വല്പസമയം. ഇത്ഥം=ഇങ്ങിനെ നിന്നു എന്നതി ന്റെ വിശേഷണം. ഔത്സുക്യാൽ=താല്പര്യംകൊണ്ട്. കാണുവാൻ ഉഴറിക് ണ്ണവാൻ ധൃതികാണിച്ചു. യതി ഉഴറി എന്നതിന്റെ കർത്താവ്. ക ണ്ഠാരീതി യാൽ=സ്വരരീതികൊണ്ട്. പ്രാണസൌഖ്യം അരുളും=ജീവസൌഖ്യം കൊ ടുക്കുന്ന. സജീവയാംവീണതന്നെ=ജീവനുള്ള വീണതന്നെ. വിശ്വാസ്യ മുള്ള ആ അംഗനതന്നെ എന്നു സാരം.

൫൦. വന്യസ്ഥലി=കാട്ടുപ്രദേശം. മലിനവേഷി=മലിനമായ വേഷമു ള്ളവൾ. കാട്ടുപ്രദേശത്തുനിന്നു പൂമണം വഹിച്ചു ധന്യനായിത്തീർന്നിട്ടുള്ള കാറ്റു എന്നെ (നായികയെ) ശങ്കകൂടാതെ തഴുവുക. വന്യസ്ഥലിൽ തപസ്സു സമ്പാദിച്ചു കൃതകൃത്യനായിത്തീർന്നിട്ടുള്ള നായകൻ വന്നു ശങ്കകൂടാതെ തഴുവു ന്നാമെന്നും വ്യംഗ്യം.

൫൧. കുഞ്ജലീനഖഗരാഗം=വള്ളിക്കെട്ടിൽ മറഞ്ഞിരിക്കുന്ന പക്ഷി യുടെ പാട്ട്. മഞ്ജുഗാനം=മനോഹരമായപാട്ട്. വ്യഞ്ജിതമായ (ധ്വനിപ്പിക്കപ്പെട്ട) ആശയത്തോടുകൂടി, അഭിപ്രായം ദ്യോതി പ്പിച്ചുകൊണ്ട്. കഞ്ജിനീതടം=താമരപ്പൊയ്കയുടെ കര.

൫൨. ആഞ്ഞ=നീണ്ട. ശാഖകളടിക്ക്=ശാഖകളുടെ അടിയിൽ. ചിന്തയാൽ കാഞ്ഞു=വിചാരംകൊണ്ടു ചൂടുപിടിച്ചു. കാണേണ്ട മനോരഥങ്ങ ളാൽ മാഞ്ഞു=കാണാനുള്ള മനോരാജ്യങ്ങൾനിമിത്തം ബുദ്ധിയിൽ പതി യാതെ.

൫൩. കുശം=ചെറുപെണ്ണ്. തരുതലം=വൃക്ഷച്ചുവട്. ഇന്ദു=ച ന്ദ്രൻ. ഏകരശ്മി=ഒറ്റക്കിരണം. ഉഴ്കിടുന്നു=ദുഃഖിക്കുന്നു. എന്നലിഞ്ഞു= എന്നു വിചാരിച്ചു ദയയോടുകൂടി. എന്നു എന്നതിന്റെശേഷം വിചാരിച്ചു എന്നതു എടുത്തുകൊള്ളണം. സംസ്കൃതത്തെ അനുകരിച്ചു ഇതുവിധം ആശാൻ വേറെയും സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ഏകം=ഏകാകിനി. യമി=മനോനിഗ്രഹമുള്ളവൻ. ആ ഏകാന്തത്തിൽ അസ്തു സുന്ദരിയായ ആ

Digitized By Kerala Sahitya Akademi

41051

വരള മൊട്ടു കണ്ടിട്ടും ഉൽകർഷമുണ്ടായില്ല എന്നു കാണിക്കുന്നതിനാണ് 'യദി' ശബ്ദം പ്രയോഗിച്ചതു്.

൪൮. ഉല്പലങ്ങളോടിടഞ്ഞ=കരിംകൂവളപ്പൂക്കൾ പോലെയുള്ള. ഉൾപ്രമോദം=അകത്തുള്ള സന്തോഷം. അത്ഭുതാംഗി=അതിശയസുന്ദരി. ചന്ദ്രൻ ഉദിക്കുമ്പോൾ കരിംകൂവളം വിടരുകയും കടലിൽ വേലിയേറ്റം വരികയും ചെയ്യും. യതിയെ കണ്ടപ്പോൾ അവരുടെ കരിംകൂവളംപോലെയുള്ള കണ്ണുകൾ താനേ വിടരുകയും അവരുടെ സന്തോഷം അതിരുകവിയുകയും ചെയ്തതുകൊണ്ടു് യതി അവരുടെ ചന്ദ്രനാണോ എന്നു ഉൽപ്രേക്ഷിക്കുന്നു.

൪൯. പാരം=ഏറ്റവും. ഓരുവാൻ=അറിയുവാൻ. സുസൂക്ഷ്മം=സൂക്ഷ്മമേറിയതു്. പാരം എന്നതു് ഇഷ്ടശബ്ദത്തിനോടോ, ഓരുവാൻ എന്നതിനോടോ സുസൂക്ഷ്മം എന്നതിനോടോ അന്വയിക്കാം.

൪൩. അവൾ അല്പം ഞെട്ടി കുറെ കഴിഞ്ഞ് പിന്നെ സംഭ്രമത്തോടുകൂടി പറഞ്ഞു. തിട്ടമായ് യതിയെ നോക്കി പറഞ്ഞു എന്നന്വയിക്കണം. തിട്ടമായ് യതിയെ=യതിയെ തന്നെ. ആഴി=സമുദ്രം. അണ=കെട്ട്. വാരി=വെള്ളം.

൪൬. ഭഗവാൻ=ഭഗവാനേ, മഹാനുഭാവ എന്നു സാരം. അമ്പിനിന്നു=അമ്പിന് (മയക്കായി) ഇന്നു എന്നു പദച്ഛേദം. ആഗതി=ആഗമനം. വെമ്പി=പരിഭ്രമിച്ചു. ഹേമയഷ്ടി=പൊൻവടി. ഹേമയഷ്ടിപോലെ എന്ന ഉപമ. അവരുടെ ദേഹകാന്തിയേയും നമസ്കാരത്തിലുള്ള നിശ്ചേഷ്ടതയേയും കുറിക്കുന്നു.

൪൭. ഒറ്റയായിട്ടകന്നിവാച്ച=തമ്മിൽ പിണങ്ങി ഒറ്റയായിത്തീർന്ന. (സ്ത്രീകൾ വിരഹത്തിൽ മുടിയെ ശ്രദ്ധിക്കാതെ അതു് ഇങ്ങിനെയാകുമെന്നു സംസ്കൃതകവികൾക്കു് ഒരു സങ്കേതമുണ്ട്.) കാറവാർകുഴല്=ഒരുങ്ങിനീണ്ട തലമുടി. വാർ എന്നതിനു നീണ്ട, ഭംഗിയുള്ള എന്നെല്ലാം അർത്ഥമുണ്ട്. തൽപദങ്ങളിൽ=അദ്ദേഹത്തിന്റെ കാലുകളിൽ. ഉമ=ശരിയായ. കൃതകൃത്യ=ചെയ്യേണ്ടതു് ചെയ്തവൾ. തന്റെ വിരഹജീവിതത്തിന്റെ മതിയായ ലക്ഷ്യമായ മുടി ഇങ്ങിനെ അദ്ദേഹത്തിന്റെ കാൽക്കൽ അടിഞ്ഞതോടുകൂടി താൻ അറിയിക്കേണ്ടതു് അറിയിച്ചു എന്നു സാരം.

Digitized By Kerala Sahitya Akademi

൪൯. ഉന്നിനിന്ന=വിചാരിച്ചുകൊണ്ടുനിന്നു. ധന്യ=കൃതകൃത്യ. പിന്നിലായത്=പിന്നോട്ടുമാറി. ചെറ്റത്=കുറം. ഒക്കെകൊണ്ടുള്ള ഭാരയാളുന്നതാൽ, ഉന്നമിക്ക=എഴുന്നേല്ക്കുക. ഗന്ധസംജ്ഞാനാൽ=

൫൦. സ്പഷ്ടമാജ്ഞാ=(യോഗിയുടെ) സ്പഷ്ടമായ കല്പന. നഷ്ട ചേഷ്ടത=ചേഷ്ടാശക്തിയില്ലായ്മ, സ്തംഭനം. ദുഷ്ടയന്ത്ര=ദുഷ്ടമായ യന്ത്രത്തോടുകൂടിയവർ. അവർക്കു് എണീക്കാനുള്ള ക്ലേശം യോഗിക്കു കാണാമായിരുന്നു എന്നു സാരം. ദുഷ്ടയന്ത്രയായി (അതുകൊണ്ടുതന്നെ) ദ യനീയയായ് അവൾ എണീറ്റു എന്നു അന്വയം.

൫൧. എണീററപ്പോൾ അവർ എന്തുചെയ്തു എന്നു അതിമനോഹ രമായ ഒരു സ്വഭാവോക്തികൊണ്ടു് വർണ്ണിക്കുന്നു. വല്ക്കലം=മരവുരി. പേറി=പിടിച്ചു. പടലം=മാലിലെ പൊട്ടി.

൫൨. അടിമതൻ=സമ്മതൻ. തന്റെ പ്രിയൻ എന്നു പറയുമെ ന്നു മനസ്സിലായതുകൊണ്ടു് അദ്ദേഹം തന്റെ ഈ പ്രവൃത്തിയിൽ എന്തു കരു തുമെന്നും അവൾക്കു വിചാരമായി. തുഷ്ടി=സന്തോഷം. മൌനമേഖ നംചെയ്തു=സംസാരിച്ചു.

൫൩. മംഗളം ഭഗിനി=സഹോദരി നിങ്ങൾക്കു നല്ലതുവരട്ടെ. യോഗി അവളെ ഒരു സഹോദരിയെപ്പോലെ കാണുന്നു എന്നു 'ഭഗിനീ' 'ശ്രീമേ' ഈ പദങ്ങൾ കുറിക്കുന്നു. തുംഗമോദം ഇയലുന്നു ഞാൻ=എനിക്കു വലിയ സന്തോഷമായിരിക്കുന്നു. മുനിപുത്രദർശനേ=കാഴ്ചയിൽ തപസ്സു സന്താനത്തെപ്പോലെയുള്ളവളേ. 'ഋഷികദാരദർശനേ' എന്നായിരുന്നു അ ച്ചടിച്ച പാഠം. 'ഋഷി'യല്ല'മുനി' എന്നതാണു് ഇവിടെ ചേരുന്നതു്.)

൫൪. ഉത്തരോല്ലസനായ്=ഉത്തരം മനപ്പന്ന് ആഗ്രഹമുള്ളവനാ യ്. അസംഗൻ=ലൌകികബന്ധമററവൻ. സ്യന്ദമാനം=ഒഴുകുന്നതു്. വന മാർഗ്ഗം=കാട്ടുവഴി.

൫൫. നിയതി=വിധി, ഭാഗ്യം. ആണത്തും നന്നിട്ടും. സന്നവാ സനൻ=വാസന നശിച്ചവൻ.

൫൬. വീണ്ടും=ഭാഗ്യവീപ്പിട്ടും. അങ്കിടുക=ഉണ്ടാകുന്ന. ഭയോപ

Digitized By Kerala Sahitya Akademi

ലം=അനുരാഗചാപല്യം. ജവം=വേഗം. പരിശങ്കമനോയായ്=വളരെ സങ്കോചത്തോടുകൂടി.

൫൭. ദിഷ്ടം=ഭാഗ്യം. ഈ വടിവായനു=ഈ ആകൃതി എടുത്തു. ദൃഷ്ടനായ്=കാണപ്പെട്ടവനായ്.

൫൮. പ്രാണനോടും=പ്രാണനോടുകൂടി ജീവിച്ചിരിക്കെ.

കാണ്മവാൻ കൊതിച്ചു് ഇവിടെ ചിരംകേണുവാണു എന്നു അന്വയം. അർത്ഥിയാം (യാചിക്കുന്ന) പ്രാണി തൻപ്രിയം=(ആഗ്രഹം) ഈശ്വരൻ കരിക്കൽ ഏകം (കൊടുക്കും)

൫൯. ആസ്ഥ=സ്ഥായി. സപദി=ഉടനെ.

൬൦. ഇടരാർന്നു=ദുഃഖിച്ചു മൊഴികുഴഞ്ഞ (വാക്കുവരാൻ വിഷമപ്പെട്ടു കൊണ്ടു) നിന്നു കണ്ണുനീർ ഉതിർന്നു (ചൊരിഞ്ഞു) എന്നന്വയം. ഭാവശാലികൾ=സ്നേഹമുള്ളവർ. പിരിഞ്ഞുകൂടിയാൽ=പിരിഞ്ഞുപോയിട്ടു് പിന്നെ തമ്മിൽ കണ്ടാൽ, സുഖോദയം=സുഖത്തിന്റെ വരവു്. വികലമാം=വല്ലാതെയിരിക്കും.

൬൧ ഭൂരിബാഷ്പപരിപാടലം=ഭൂരിബാഷ്പംകൊണ്ടു് ഏറെ ചുവന്നതു്. (കണ്ണുനീർ വളരെ ഒഴുകി ഏറ്റവും ചുവന്നതു് എന്നു സാരം) പൂരിതാഭയോടു=പൂർണ്ണശോഭയോടുകൂടി. ഉഷസ്സിൽ=(പ്രഭാതത്തിൽ) മഞ്ഞുതൻ ധാര ആർന്ന (മഞ്ഞിന്റെ ധാരയുള്ള) പനിനീർസുമോപമം =പനിനീർപ്പൂപോലെയിരിക്കുന്ന. ഈ മുഖംഎന്നതിന്റെ വിശേഷണം പനിനീർസുമോപമം എന്ന സമസ്തപദത്തിലെ പനിനീർസുമം എന്നതിനെ മാത്രം വിശേഷിപ്പിക്കുന്നതാണു്. 'പൂരിതാഭയോടുഷസ്സിൽ മഞ്ഞുതൻധാരയാർന്ന, എന്നതു്, വ്യാകരണദൃഷ്ട്യാ മുഴുവൻശരിയായ പ്രയോഗമല്ല. 'അന്ധനാ, കുലപതിനന്ദനൻ' മുതലായതുപോലെ ഈമാതിരി പ്രയോഗങ്ങൾ കവികൾ ചിലപ്പോൾ ചെയ്യാറുണ്ടു്.

൬൨. പുരാഗതംകരുതി (പണ്ടു കഴിഞ്ഞതു വിചാരിച്ചു്) കൌതുകംപാരമാർന്നു (വളരെ കൌതുകപ്പെട്ടു) ചാരുശൈശവകഥ=മനോഹരമായ കുട്ടിക്കാലത്തെ കഥ.

Digitized By Kerala Sahitya Akademi

൩. പാരവ്യം=ഘോരത്വം. കലന്നിട്ടം=കലന്നിട്ടുള്ള. ഈ പാദത്തിൽ അൎത്ഥത്തിന്നു വേണ്ടതിലധികം പദം പ്രയോഗിച്ചില്ലെ എന്ന ചോദ്യത്തിന്നു വകയുണ്ട്. കണ്ഠം=ഇതിന്നു ഇവിടെ ശബ്ദം എന്നൎത്ഥം. സ്തുതി=മാൎഗ്ഗം. ഭവനം=വീട്. സ്തുതിയിൽവരുന്നമാൎഗ്ഗം എന്നു സാരം.

൪—൫. സ്പഷ്ടം.

൬. ആയതത്വം അറിവിന്നുണ്ടായി=അറിവു വൎദ്ധിച്ചു എന്നു സാരം.

൭. മാതൃകിന്നരന്മാർ അവർ=മാതൃക. അഥവാ=പക്ഷെ. ഹേതുകേൾക്കവരുമ്പോ (വെറുതെ) അൎത്ഥമേതിനോ നിരുന്നിഞ്ഞു=ഏതോ കാൎയ്യത്തിന്നു നിരുന്നിഞ്ഞു. നിജകൎമ്മനിതരായ്=അവരവരുടെ കൎമ്മങ്ങളാൽ നയിക്കപ്പെട്ടിട്ട്. ശരീരികൾ=ആത്മാക്കൾ, ശരീരമുള്ളവർ, ജന്മമെടുത്തവർ. ഏകമാൎഗ്ഗം ഇല്ലാ—ഒരു വഴിയാണെന്നുകാണാത്തത്. എല്ലാം എടുക്കാമെന്നു സാരം.

൮. അന്യജീവനുതകി=അന്യജീവനു ഉപകരിച്ചു. വിവേകികൾ=അറിവുള്ളവർ.

൯. ഉടൻമാല്യ (ദൃഷ്ടം) ചൊറ്റു (കാറ) അകന്നം എന്നാലും ഉള്ളിൽ ആശ തടവാതെ (ആശയ്ക്കു വഴിയില്ലാതെ) വാടിയും (ക്ഷീണിച്ചും) യതി തന്നെ നോക്കിനാൾ. അല്പിച്ച=മേൽപ്രകാരം പറഞ്ഞ. ഇതു യതി എന്നതിന്റെ വിശേഷണം. ലോലകണ്ഠം=തോണ്ടയിടറിക്കൊണ്ടു. നോക്കിനാൾ എന്നതിന്റെ വിശേഷണം. അതിലോലലോചന=ഏറ്റവും ഇളകുന്ന കണ്ണോടുകൂടിയവൾ, നോക്കിനാൾ എന്നതിന്റെ കൎത്താവ്. ഇതു അവളുടെ കണ്ണുകളുടെ ഭംഗിയേയും പ്രത്യേകിച്ചു അതുകളുടെ അപ്പോഴത്തെ സ്ഥിതിയേയും കാണിക്കുന്നു.

൧൦. നവ്യം=പുതുത്. പരിധി=പ്രഭാചക്രം. ഏതാനും. ദിവ്യദീപ്തി=അലൌകികകാന്തി. അനുക്ഷണം=നിമിഷം തോറും. വ്യഗ്രയായ്=വ്യാകുലയായ്. വ്രീളാശീല=മംഗളശീല. അവ്യവസ്ഥിതരസം=ഇന്ന മനോഭാവത്തിലെന്നു കണ്ടറിയാൻ പാടില്ലാത്തതരത്തിൽ.

൧൧. ഭൂരി=അധികം.

Digitized By Kerala Sahitya Akademi

൧൨. തെല്ലുനിന്നു=സ്വല്പനേരം നിന്നു. താരുണകാന്തി=ബാലാർക്ക രശ്മി. ഹിമശീകരോപമം=മഞ്ഞിൻതുള്ളിപോലെയുള്ള പ്രയോഗവിശേഷത്തിനു ൧൫-ാം ശ്ലോകത്തിന്റെ നോട്ടുനോക്കുക. ഉദ്ഗഹാസവും (മന്ദസ്മിതവും) അശ്രുവും (കണ്ണുനീരും) ആർന്നു (ആർന്നുകൊണ്ടു) ചാരുവാണിയാൾ മെല്ലെ മൊഴികൾ ചൊല്ലിനാൾ എന്നു അന്വയം.

൧൩. ആര്യ്യ=മഹാരാജ. മൽഗതം-എനിക്കു തോന്നുന്നതു്. ആര്യ്യമാകിലും അനാര്യ്യമാകിലും=കൊള്ളാമെങ്കിലും കൊള്ളുകില്ലെങ്കിലും.

൧൪. സ്പഷ്ടം.

൧൫. ആഴം=അഗാധമായ. ആർത്തി=ദുഃഖം. ഊഴം=മുറ. പാഴിൽ മാതിട്ടുകയോ (ഫലമില്ലാതെ പറയുകയോ) വിധിക്കു കീഴടങ്ങി വിരമിക്കയോ (ഒന്നും പറയാതിരിക്കയോ) വരം (ഏതാണ് നല്ലതു്)

൧൬. ഉത്തരാർദ്ധം കാവ്യത്തിനുകൂടി യോജിക്കണമെന്നുദ്ദേശിച്ചിട്ടുണ്ടു്.

൧൭. മണ്ണിൽ=ഭൂമിയിൽ. വിണ്ണിൽ=സ്വർഗ്ഗത്തിൽ.

൧൮. അതിദൂന=ഏറ്റവും ദുഃഖിത. വരാംഗി=സുന്ദരി. പരിമ്ലാനം മുഖാംബുജം എന്നു അന്വയം.

൧൯. അന്യഥാമതി=തെറ്റിദ്ധാരണ. മന്യു=ദുഃഖം. നിയതം=നിശ്ചയം കന്യ=വിവാഹംകഴിയാത്തവൾ. വടു=ബ്രഹ്മചാരി. അന്യഭാവം ഏലുകില്ല=ഭേദബുദ്ധിയുണ്ടാകയില്ല. അറിക=അറിഞ്ഞാലും. ആത്മവേദികൾ=ആത്മജ്ഞാനികൾ—ഏലുകില്ല എന്നതിന്റെ കർത്താവു്.

൨൦. ധൈര്യ്യംതേടി=ധൈര്യ്യം അവലംബിച്ചു. സുമർത്തു=വസന്തകാലം. വസന്തകാലത്തിൽ കുയിൽ കാട്ടിലായാലും ഉദ്യാനങ്ങളിലായാലും ഭേദം കൂടാതെ പാടും. ഈ ഉപമ താപസിയുടെ വാക്കിന്റെ മാധുര്യ്യത്തെ കാണിക്കാൻമാത്രമല്ല സന്തോഷത്തെക്കൂടി കാണിക്കാനാണ്.

൨൧. വത്സല=വാത്സല്യമുള്ളവനെ. ആര്യ്യ എന്നു മാത്രമേ മുമ്പു് വിളിക്കാൻ കഴിഞ്ഞുള്ളു. ഇപ്പോൾ നായകന്റെ കാരുണ്യം കണ്ടിട്ടു് വത്സല

Digitized By Kerala Sahitya Akademi

എന്നു വിളിക്കാൻ ധൈൎയ്യപ്പെടുന്നു. സമക്ഷം=കണ്ണിന്നുമുമ്പിൽ. അതോ ക്കയാൽ ഞാൻ വൃഥ ഉറന്നു എന്ന അന്വയം. അതു=വന്നതു്.

൪൨. ലോലൻ=പ്രസരിപ്പുള്ളവൻ.

൪൩. ഭൂരിപൂക്കൾ=അധികം പൂക്കൾ.

൪൪. സ്പഷ്ടം.

൪൫. ചാടുകാരൻ=പ്രേമസംബന്ധമായ നേരംപോക്കു പറയുന്നവൻ പേട=പെൺ—ഇവിടെ കയിൽപേടയെ പരിഹസിച്ചതിനു നളിനിയുടെ കണ്ഠം പെൺകുയിലിന്റേതിലും നല്ലതെന്നുസാരം.

൪൬. സ്പഷ്ടം.

൪൭. എണ്ണിടുന്നു=ഓൎത്തിടുന്നു. പീഡയും വേണ്ണം=വേദന ഉണ്ടാക ത്തക്കവിധം.

൪൮. ഗന്തുകാമൻ=പോകാൻ ആഗ്രഹിക്കുന്നവൻ (മരിക്കുന്നവൻ എന്നു സാരം) ഏകിലാം=ഏകിയെങ്കിലായി—തീൎച്ചയില്ലെന്നു സാരം. അന്തരായം=തടസ്ഥം. എതിർവാതം=എതിർകാറ്റു്. എതിർകാറ്റുകൊണ്ടു പോകുന്ന ആൾ നില്ക്കുന്നതെന്നില്ല.

൪൯. സഹചരൻ=കൂട്ടുകാരൻ വിയുക്തനായ്=പിരിഞ്ഞു. ശങ്കിതം=ഇടി. പന്നഗകുമാരി=പാമ്പിൻകുട്ടി.

൫൦. പിതാക്കൾ=മാതാപിതാക്കന്മാർ. കാത്തുഴന്നു=കാത്തു; ബുദ്ധി എന്നെ കാത്തുഴന്നു എന്നന്വയം. അവർ അഴൽപെടാതെയും (അവർ ദുഃഖിക്കാതെയും) ഈ മന്നിൽ ഒരിടം അയുസ്സനല്പനെന്നു (ഈ ഭൂമിയിലൊരിടത്തു ആയുസ്സുണ്ടായിരിക്കുമെന്നു) ഉന്നി (നിശ്ചയിച്ചു) ഞാൻ ഉടലുവിടാതെയും (ആത്മഹത്യചെയ്യാതെ എന്നു സാരം) വാണു—(പാൎത്തു)

൫൧. ഹൎഷം=സന്തോഷം. എന്നെ സന്തോഷിപ്പിക്കുവാൻ അച്ഛൻ വളരെ നിഷ്കൎഷിച്ചു. എന്നാൽ ഞാൻ ഖിന്നയായ് വളൎന്നു.

൫൨. യുവതാ=യൌവനം. എൻമൂൎത്തി യുവതാം അൎന്നു എന്നും യുവതാം എന്റെ മൂൎത്തി അൎന്നു എന്നും അന്വയിക്കാം. യുവതാം കൎത്താവാകയാണു് അധികം സ്വാരസ്യം.

Digitized By Kerala Sahitya Akademi

൯൩. വിവാഹനിശ്ചയം കതിലെത്തി=വിവാഹനിശ്ചയം കേട്ടു. (കേട്ടമാത്രയിൽ എന്നു സാരം) കാതരാശയ=ഭയപ്പെട്ടവൾ.

൯൪. ആഴമേറ്റു്=അഗാധമായ കരുണ. സാന്ത്വനം=സമാധാനം. അസാദ്ധ്യരോഗികൾ (തീരാരോഗക്കാർ) ഔഷധമാക്കി വാഴും എന്നു അന്വയം.

൯൫. ശാന്തമാകട്ടെ തത്=ശാന്തം പാപം. പിന്നീട് വിവരിക്കുന്ന സാഹസത്തെ ഓർത്തു പറഞ്ഞുപോകുന്നതാണ്. വിനിശ്ചിതസ്വാന്തയായ്=ഉറച്ച മനസ്സോടുകൂടിയവളായിട്ടു (ദൃഢനിശ്ചയത്തോടുകൂടി എന്നു സാരം.) കഠിനശല്യം=ദുഃഖമാകുന്ന മുള്ള്. ഉദ്ധരിവാൻ=വലിച്ചെടുപ്പാൻ. ധ്വാന്തം=ഇരുട്ട്. തടാകതടം=പൊയ്ക്കര.

൯൬ ഭയനിശ്ചയം=ഭയങ്കരനിശ്ചയം. ആകുലാത്ഭുതഭയാരസോദയൻ=ആകുലമായ അത്ഭുതം ഭയം ഈ രസങ്ങൾ പൊങ്ങിയവൻ (ആകുലം വ്യസനം) അത്ഭുതം ഭയം ഈ രസങ്ങൾ പൊങ്ങിയവനെന്നും എടുക്കാം. ഏകിനാൻ ചെവി=ചെവികൊടുത്തു.

൯൭. യമദൂതഭീകരം=കാലഭടനെപ്പോലെ ഭയങ്കരം. കൂരിരുട്ടിന്റെ വിശേഷണം. സൂചിയേറ്റാകിലറിയാതെ ഞാൻ നിന്നു എന്നു അന്വയം.

൯൮. വിശ്വസിച്ചു=ഒട്ടും ഭേദിക്കയില്ലെന്നു വിശ്വസിച്ചു. എണ്ണിനേൻ=വിചാരിച്ചു. ഭൂതഭാവികൾ=കഴിഞ്ഞതും വരാനിരിക്കുന്നതും. സത്രപം=ലജ്ജയോടുകൂടി. ഉഡുഗണങ്ങൾ=നക്ഷത്രക്കൂട്ടങ്ങൾ വലിയ ആത്മഹത്യ ചെയ്‌വാൻപോകുമ്പോൾ നക്ഷത്രങ്ങളെ കണ്ടിട്ടു കണ്ണടച്ചുകളഞ്ഞതായി ഷേക്സ്പീയർ കവിയും വർണ്ണിച്ചിട്ടുണ്ട്.

൯൯. നിത്യഭാസ്വരനഭശ്ചരങ്ങളെ=എന്നും ശോഭിക്കുന്ന ആകാശസഞ്ചാരികളെ=(നക്ഷത്രങ്ങളെ) ക്ഷിത്യവാസം=ഭൂമിയിലെ സ്ഥിതി. (അതായത് നിത്യഭാസ്വരത്വമില്ലായ്മ) അത്യനർത്ഥവശ=വലിയ സങ്കടത്തിലായവൾ. അത്യനർത്ഥവശയാണ് ഞാൻ എന്നു വാക്യം. ഈ കൃത്യം (നിങ്ങൾ) ക്ഷമിപ്പിൻ എന്നു അന്വയിക്കണം.

Digitized By Kerala Sahitya Akademi

൫൦൦. അഗാധതോയം=ആഴമുള്ള വെള്ളത്തോടുകൂടിയ. തീർത്ഥസീമയിൽ=കടവിന്റെ അടുത്ത്. ആർത്തി=ദുഃഖം. പ്രാർത്ഥിതാചരണം=അവസാനേ അനുഗ്രഹം.

൫൦൧. ജീവിതേശൻ=പ്രാണനായകൻ. അനുഗ്രഹിക്ക് അവൻ എന്നു പാഠഭേദം. ഗിരിജ=പാർവ്വതീദേവി. വലഞ്ഞു=ദുഃഖംകൊണ്ട്. ഈ വിധം മുനിവരാം എന്നതിനോടു കൂടെ അന്വയിക്കണം. അംബികേ=അമ്മേ, ലോകജനനി എന്നു സാരം.

൫൦൨. കണ്ണകിൽപുളകമാളും=കണ്ടാൽ രോമാഞ്ചമുണ്ടാകുന്ന. കയം=ആഴമുള്ള സ്ഥലം. ആണ്ടുകേറുവതിനു=ആണ്ടുപോകുന്നതിനു. പ്രണയപാശം=പ്രണയബന്ധം.

൫൦൩. ചണ്ടിതൻപടലി=പായൽക്കൂട്ടം. ആഴും=താഴുന്ന. ഉപധി=മുകളിൽ. ചണ്ടിയെന്നു ഇണ്ടലാർന്നുഴറി (വ്യസനംകൊണ്ടു സംഭ്രമിച്ചു) ഞാൻ കരുതി (വിചാരിച്ചു) എന്നന്വയം.

൫൦൪. അന്നൽ വിസ്മയവുമേറെ നാണവും ഞാൻ ഇയന്നു=എനിക്കു ദുഃഖവും അത്ഭുതവും വളരെ നാണവും ഉണ്ടായി. കചഭരം=ഭരിച്ച മുടി. കാന്തിമതി=രാജസചിവനിയെ.

൫൦൫. ഉത്സവമേകി=സന്തോഷം ജനിപ്പിച്ചുകൊണ്ട്. സസ്മിതം=മന്ദഹാസത്തോടുകൂടി മുമ്പിലപ്പോഴുദിച്ചുപൊങ്ങിടുന്ന (വാസ്തവത്തിൽ ഉദിച്ചുപൊങ്ങിടുന്നതായിട്ടും അല്ലാതെയും എടുക്കാം) അമ്പിളിക്കെതിരായി (തുല്യരായി) നതാംഗിയായ അവർ നോക്കിയെന്നു ഒരു അന്വയം. അവർ നോക്കി. (ആ) നതാംഗിയാൾ ആരോ? അമ്പിളിക്കെതിർ (ആണ്) ഇങ്ങിനെയും അന്വയിക്കാം.

൫൦൬. നിഴൽപ്പൂണ്ടതരികിൽ വന്ന്=അരികെ നിഴലിലിരുന്ന്. ധൃഷ്ടം=ധീരം, ധൃഷ്ടമാംതെളിവ്=സാഹസം. ദിഷ്ടം=വിധി.

൫൦൭. സ്പഷ്ടം.

൫൦൮. ഈറൻ=നനഞ്ഞ മുണ്ട്. വെറുമെയ്=വെറും ശരീരം. പരേതദേഹി=മരിച്ച ആത്മാവ്.

Digitized By Kerala Sahitya Akademi

൬൦൯. അധ്വഖേദം=വഴിനടക്കുന്നതിലുള്ള ബുദ്ധിമുട്ട്. ആ തപോധന കനിഞ്ഞുവാർത്തകൾ ചൊന്നു എന്നു അന്വയം. ചിത്രഭാനു=സൂര്യൻ ഉദയാചലം=ഉദയപർവ്വതം. ഞങ്ങൾ ഒരു കാട്ടിലും സൂര്യൻ ഉദയപർവ്വതത്തിലും എത്തി. (നേരം വെളുത്തപ്പോൾ ഞങ്ങൾ ഒരു കാട്ടിൽ എത്തി എന്നു സാരം)

൬൧൦. അന്തരംഗഹിതൻ=മനസ്സിനു പിടിച്ചവൻ. രമിക്കയില്ല=ആനന്ദിക്കയില്ല. പ്രണയിഹീനമാനസം=പ്രണയിഹീനരുടെ (ഇഷ്ടജനം പോയവരുടെ) മനസ്സ്.

൬൧൧. കീർത്തനീയഗുണാ=സ്തുതിക്കത്തക്ക ഗുണങ്ങളോടുകൂടിയവൾ. എന്നെ തപോവനംചേർത്തു=എന്നെ തപോവനത്തിൽ കൊണ്ടുവന്നാക്കി. ഇതു് സംസ്കൃതശൈലിയെ അനുകരിച്ചുള്ള പ്രയോഗമാണ്. അങ്ങനെ അനുപ്രയാതാ=അങ്ങനെ പിന്തുടർന്നവളായി.

൬൧൨. ഉടജം=ആശ്രമം. അത്യുദാരാ=ഒരു ലോഭവുമില്ലാതെ. മുകില്=മേഘം. വൃഷ്ടി=മഴ. സിദ്ധയോഗിനി=അനുഭവയോഗിനി.

൬൧൩. പഞ്ചവൃത്തികൾ=അഞ്ചു ഇന്ദ്രിയങ്ങളുടെ വ്യാപാരങ്ങൾ. അന്വഹം=ദിവസേന. നെഞ്ചുവെച്ചു=മനസ്സിരുത്തി. ഉരുതപോമയംധനം=വലിയ തപസ്സുമാത്രമായ ധനം. സഞ്ചയിക്ക=ശേഖരിക്ക. പിന്നെയുവ ട്ടുമിയാപൂത്തുകാനനം=പിന്നെ അഞ്ചുകൊല്ലം കഴിഞ്ഞു.

൬൧൪. കാമിതംവരും=ആഗ്രഹം സാധിക്കും. ശ്രേഷ്ഠമൊന്നു (ശ്രേഷ്ഠമുള്ള) ഗുരുവിൻപ്രസാദമാം (ഗുരുവിന്റെ പ്രസാദമാണ്) ശിഷ്യലോകത്തിൽ ക്ഷേമമൂലം (ക്ഷേമകാരണം.)

൬൧൫. മംഗളാശയ=ശുഭചിന്ത. അനിമിത്തം=കാരണംകൂടാതെ. അന്തരാ=ഉള്ളിൽ.

൬൧൬. സ്വൈരമായ്=നിർബാധമായ്. ഭൂയഃ=വീണ്ടും. ദുർവാരം=തടുക്കാൻ പ്രയാസമായിട്ട്. തപസ്യ=തപസ്സ്. ഗൌരി=ശ്രീപാർവ്വതി. പുഷ്പഹേതി (കാമദേവൻ) തൻ വൈരിയായവന്റെ (ശ്രീപരമേശ്വരൻ) സമാഗമം=കൂടിക്കാഴ്ച.

Digitized By Kerala Sahitya Akademi

൧൧൭. ഭഗണാദ്ധ്യൂത്രവിൽ=നക്ഷത്രസമൂഹത്തിന്റെ മദ്ധ്യപ്രദേശത്തു. വസിഷ്ഠഭാമിനി=അരുന്ധതി. ഏൽക്ക=സ്വീകരിക്ക. സ്വപ്നങ്ങൾ ഫ ക്കുമെന്നു കവിക്കു അഭിപ്രായമുണ്ടെന്നു തോന്നുന്നു.

൧൧൮. നെടുമാൎഗ്ഗഖിന്ന=വഴിദൂരംകൊണ്ടു ക്ഷീണിച്ചവൾ. (ഇവൾ ദീൎഘനേരം നിറുത്താതെ തന്റെ കഥ പറഞ്ഞതിലുള്ള ക്ഷീണത്തെക്കുറിക്കുന്നു.) ഭരമൊഴിഞ്ഞു=ഭാരമൊഴിഞ്ഞു. (തനിക്കു പറയുവാനുള്ളതു പറഞ്ഞതുകൊണ്ടുള്ള ആശ്വാസത്തെക്കുറിക്കുന്നു.) ഇളച്ചു=വിശ്രമിച്ചു.

൧൧൯. ഭാവന=അന്തൎഗ്ഗതം. വയസ്യ=സഖി. അവികലതരം=നിഷ്കല്മഷം. തന്മനസ്സ് (അദ്ദേഹത്തിന്റെ മനസ്സ്) എന്നതിന്റെ വിശേഷണം. അലഞ്ഞിടാതെയും=ഇളകാതെയും.

൧൨൦. വാഴ്‌വതിന്നെഴുന്നമൂലം=വാഴ്‌വതിന്നുള്ള കാരണം. അനല്പം=അധികം. സാഹസം എന്നതിന്റെ വിശേഷണം. ഏതുതാനാട്ടേ=ഏതുമാകട്ടെ; എന്തായാലും.

൧൨൧. വൃത്തി=തൊഴിൽ,

൧൨൨. നിജഗതാഗതങ്ങൾ=തന്റെ വരവുംവഴികകൾ. ഈശനിശ്ചയം=ഈശ്വരേച്ഛ. അവനു ആശ നിഷ്ഫലവുമായ് വരുന്നു. ചിലപ്പോൾ ആശിയാതെ അഭീഷ്ടവും വരുന്നു. (ചിലപ്പോൾ ആഗ്രഹം വെറുതെയാകുന്നു. ചിലപ്പോൾ ആശിക്കാതെ തന്നെ ഉദ്ദേശം സാധിക്കുന്നു എന്നു സാരം)

൧൨൩. അന്തരാളം=ആകാശം. ഒന്നോടൊന്നു അന്തരപ്പെടുക=മദ്ധ്യേ തമ്മിൽമുട്ടുക. അന്നങ്ങളാണു നാം=അന്നങ്ങളെപ്പോലെയാണ് നാം എന്നു സാരം.

൧൨൪. എങ്കിലും സ്നേഹമിയന്നു ഖിന്നയായ് ഭൈമി സാഹസങ്ങൾ തുടരുന്നു എന്നന്വയം. മോഹനിദ്ര=അജ്ഞാന ഉറക്കം.

൧൨൫. സ്പഷ്ടം.

൧൨൬. പരിതാപപൂൎണ്ണയായ്=ഏറ്റവും ദുഃഖിതയായ്. വെളുത്തു=വിളറി. ഹതകാന്തിയായ്=കാന്തിപോയവളായിട്ട്.

Digitized By Kerala Sahitya Akademi

ഫവ൧. ചിന്തനൊന്തു=മനോവേദനകൊണ്ടു. ഴറി=പൊട്ടുന്ന സൌഹൃദനയങ്ങൾ=സൌഹൃദ (സ്നേഹ)വും നയവും (മര്യാദയും)

ഫവ൨. കരളുറുന്നപോലഴ നിങ്ങൾ=ഹൃദയം പിളരുന്നതുപോലുള്ള ദുഃഖം അഭിമാനമററു=നാണമില്ലാതെ. കുണ്ഠ=ദുഃഖിത. കുരരി=നാരപ്പക്ഷി. അഴന്നു=ദുഃഖിച്ചു.

ഫവൻ കേണുപോം=കേണുപോകുന്ന. ഹൃദയനിതൻ എന്നതിലെ ഹൃദയത്തിൻെറ വിശേഷണം. പ്രാണൻ ഹൃദയനിന്നായി വെടിയുന്നു എന്നഭിപ്രായം.

ഫന്ന൦. ദൃഷ്ടം.

ഫന്ന൧. എൻെറ ഏകധനം മുതലായതു ഈ പദാംബുജത്തിൻെറ സീമ എന്നഭിപ്രായം. ഇല്ലഞാൻ=ഞാൻ മരിക്കുമെന്നു സാരം.

ഫന്ന൨ അന്യഥാ=മറുപ്രകാരം. ആർദ്രൻ=ദയാലു. സനാഥൈധ്യ=ധൈര്യമില്ലാത്തവൾ. ത്യജിക്ക=ഉപേക്ഷിക്കുക. ധന്യയാം=ധന്യ(കൃതാർത്ഥ)യാകും.

ഫന്നന്ന. മൊഴിഞ്ഞു=പറഞ്ഞു. നഖംപചാദ്യ്രു=നഖത്തെ പുട്ടുന്ന ഇതു മൊഴിഞ്ഞു് എന്നഭിപ്രായം. കോരളം (അത്യുഷ്ണമായ) കണ്ണുനീർ. തൽപദം എന്നതിൻെറ വിശേഷണം.

ഫന്ന൪. കൃപണഭാവം=ദീനഭാവം. പാഴിൽ=വെറുതെ, ഫലമില്ലാതെ. അഴൽ (ദുഃഖം) ആകുന്ന ആഴി ആണ്ടൊഴോലാ (സമുദ്രത്തിൽ വീണു മുങ്ങിപ്പോകല്ലെ.)

ഫന്ന൫. പാവനാംഗി=പരിശുദ്ധേ (പിഴയില്ലാത്തവളെ എന്നു സാരം) ലോഭനീയം=കൊതിക്കത്തക്കതു്. ഭേധിയാസ്തു=അതു (സൌഹൃദം) മോവിക്കരുതു (വെക്കരുതു) ചിതാശവങ്ങൾ=ചട്ടയിലെ ശവങ്ങൾ. അസ്ഥിരേശവങ്ങൾ=അസ്ഥിരങ്ങളും അനിത്യങ്ങളുമായവ (ശരീരാദികളിൽ എന്നു സാരം.) ശവങ്ങളിൽ പൂവുപോലെ ശരീരാദികളിൽ നിൻെറ സ്നേഹം വെക്കരുതു എന്നു സാരം

ഫന്ന൬. അതിൽ സ്നേഹമൂലം (ഏകമായ സത്യത്തിൽ സ്നേഹം കാരണം.) മോഹനം ഭുവനസംഗം (മോഹിപ്പിക്കുന്ന ലോകബന്ധത്തെ) ഞാൻ വെടിഞ്ഞു എന്നഭിപ്രായം.

Digitized By Kerala Sahitya Akademi

൧൩൧. ആപ്തസത്യഃ=സത്യത്തെ (പരമാർത്ഥവസ്തുവിനെ) സാക്ഷാൽകരിച്ചവൻ. അവിയോഗമാം=വേർപെടാത്തതായ. സുഖംപ്രാപ്തമാം=സുഖം കിട്ടും. രഹസ്യം ഓതുവൻ=ഞാൻ രഹസ്യം പറയാം. ആപ്തസത്യനവിയോഗമാം സുഖം പ്രാപ്തമാം എന്നതാണ് ആ രഹസ്യം. ആപ്തൻ=വിശ്വാസയോഗ്യൻ; ജ്ഞാനി. ദീപ്തദീപശിഖപോലെ=തെളിഞ്ഞ (തെളിച്ച എന്നും എടുക്കാം) വിളക്കിൻജ്വാലപോലെ.

൧൩൨. ഹൃതയായ്=ആകർഷിക്കപ്പെട്ടവളായിട്ട്; അപഹൃതചിത്തവൃത്തിയായിട്ട്. ദിവ്യൈക്യനിർവൃതികരോജ്ജ്വലാനനം=അലൗകികമായ ഐക്യസുഖത്തെ കൊടുക്കുന്നതും പ്രകാശിക്കുന്നതുമായ മുഖം. അവന്റെ ആനനം ഹൃതയായ് നോക്കിനിന്നു എന്നും നോക്കി ഹൃതയായി നിന്നു എന്നോ അന്വയം. വാക്കിനാലപരിമേയം=വാക്കുകൊണ്ടു പറവാൻ സാധിക്കാത്തത്. മഹാവാക്യതത്വം=മഹാവാക്യത്തിന്റെ പൊരുൾ. തത്വമസി (ആത്മാ നീയാണ് അതായതു ബ്രഹ്മം നീതന്നെ) എന്നതാണ് മഹാവാക്യം. ശാശ്വതം=നിത്യം. തത്വം എന്നതിന്റെ വിശേഷണം.

൧൩൯. ശങ്കയപായ്=സംശയംതീൎന്ന്. ശിശിരവായു=ശീതക്കാറ്റ്. പുളകം അങ്കുരിച്ചു=രോമാഞ്ചം ഉണ്ടായി. പങ്കഹീന=പാപമില്ലാത്തവൾ. ഘനനാദഹൃഷ്ടം=ഇടിനാദംകൊണ്ടു വിടൎന്നതു (പൂവിടൎന്നതു.) കടമ്പിന്റെ കൊമ്പുപോലെ അവൾ വിറച്ചു. ശിശിരവായു രണ്ടുപക്ഷത്തിലും യോജിക്കും. അവളുടെ പുളകത്തിന്റെ സ്ഥാനത്തു കടമ്പിന്റെ പൂവിടരുന്നതും അവന്റെ സംസാരം ഇടിനാദംപോലെ ഗംഭീരമെന്നും ഗ്രഹിക്കണം.

൧൪൦. അന്തരുത്തടരസാബ്ധിദുഃസ്ഥ=അന്തഃ (അകമെ) ഉൽത്തട (കരകവിയുന്നതുമായ) രസാബ്ധി രസത്തിന്റെ (പരമാനന്ദത്തിന്റെ വെള്ളത്തിന്റെ എന്നും) തിര കൊണ്ടു ദുഃസ്ഥയായ (നില്പാൻ പ്രയാസമായ)വൾ. തടവല്ലി=തീരത്തിലുള്ള ലത. സതി=പതിവ്രത. ചാഞ്ഞു=വീഴാൻ ഭാവിച്ചു. സ്വാന്തമെയ് വികലമായ്പോലണഞ്ഞു=സ്വന്തം ശരീരത്തിനു കേടുപററിയതുപോലെ അടുത്തുചെന്നു. അന്തരാ=മദ്ധ്യേ, ഇടയ്ക്കു (വീഴുമ്പോൾ എന്നർത്ഥം). നിയമി=യോഗി.

൧൪൧. ശാന്തവീചി=അടങ്ങിയ ഓളം. സംക്രാന്തഹസ്തം=കയ്യുകൾ തമ്മിൽ പകർന്ന്. തമ്മിൽ കെട്ടിപ്പിടിച്ചു എന്നു സാരം. കയ്യുകൾ തമ്മിൽ

Digitized By Kerala Sahitya Akademi

ചേരുന്നതിനെ അലകൾ ചേരുന്നതിനോടും ഉടൽ തമ്മിൽ ചേരുന്നതിനെ നാദങ്ങൾ തമ്മിലും കാന്തികൾ തമ്മിലും ചേരുന്നതിനോടും ഉപമിച്ചിരിക്കുന്നു.

൧൪൨. ധന്യം=കൃതാൎത്ഥം. കരണസത്വയുഗ്മം=കരണങ്ങളുടെയും സത്വങ്ങളുടെയും യുഗ്മം. (അവരുടെ ശരീരങ്ങളും മനസ്സുകളും എന്നുമെടുക്കാം) ആത്മാക്കളും എന്നു സാരം) അന്യോന്യലീനം=തമ്മിൽ ലയിച്ചു. അപിവറു=മറന്നു. അന്യദുൎല്ലഭം=അന്യൎക്കു കിട്ടാൻ പ്രയാസമുള്ളതു്. കേവലസുഖം=പരമാനന്ദം സമാസ്വദിച്ചു=ശരിയായി ആസ്വദിച്ചു.

൧൪൩. അവളിയന്നൊരാ സുഖം താരതമ്യഭേദമില്ല=അവൾക്കുണ്ടായ സുഖം അവനുണ്ടായതുതന്നെ; വ്യത്യാസമില്ല. സകലഭോഗ്യം=എല്ലാവൎക്കും അനുഭവിക്കത്തക്കതു്. ഖേദലേശം=ദുഃഖലേശം. വിച്ഛേദഭീതി=നശിക്കുമെന്ന ഭയം.

൧൪൪. ചാരുഹാസ=മനോഹരമായ പുഞ്ചിരിയോടുകൂടിയവൾ. അറിവെന്നി=അറിയാതെ. ചരമമേഘവൃഷ്ടി=അവസാനമേഘത്തിന്റെ മഴ. ധാരയാൽ=(കണ്ണീരിന്റെ) ഒഴുക്കിനാൽ. ധീരധീ=ധീരചിത്തൻ.

൧൪൫. ബാലാൾ=സുന്ദരി. നിൎഗ്ഗമിച്ചു=പുറപ്പെട്ടു. ഓം ഇതി=ഓം എന്നു്. ശ്രുതിനിഗൂഢം=വേദം അകത്തു ഒതുങ്ങിയ. വൈഖരി=ശബ്ദം. ഓംകാരം എന്നു സാരം. ധാമം=തേജസ്സ്. ധാമം മിന്നൽപോലെ ഉയൎന്നു ആകാശത്തിൽ മാഞ്ഞു എന്നതു ഒരു യോഗവിശ്വാസമായിരിക്കണം.

൧൪൬. നിശ്ചലപ്രാണയായ്=പ്രാണൻ നിന്നവളായിട്ടു്. (മരിച്ചു എന്നു സാരം). വായുവിരമിച്ചു=കാറ്റു നിന്നു. കേതു=കൊടിമരം. പതാക=കൊടിക്കൂറ. അവൾ അവന്റെ തോളിൽ വീണു എന്നാശയം. ആശാന്റെ സുപ്രസിദ്ധ ഉപമകളിൽ ഒന്നാണിതു്.

൧൪൭. അകമലഞ്ഞു=സംഭ്രമിച്ചു. സംയമം=മനോനിരോധം. നെടുതായ് വീൎത്തു=നെടുവീൎപ്പിട്ടു. പട്ടിടഞ്ഞതനു=പട്ടുപോലുള്ള ശരീരം (അവളുടെ ശരീരം.)

൧൪൮. സൂക്ഷ്മമായഹൃദയം=ഹൃദയംനിന്നു്. ഭാരമേറി=ഘനം കൂടി. (ശവമായതുകൊണ്ടു്) പുഷ്പഹാരമുടലെയ്=പൂമാലപോലെ ഉട

Digitized By Kerala Sahitya Akademi

വായ ശരീരം. സൃഷ്ടി=ഉത്ഭവം. ലയം=മോഹാലസ്യം. യോഗം=ഋദ്ധി.

൧൪൯. ഘോഷാന്തരം=മാറിടം, നെഞ്ച്. മരണശയ്യ=മരണക്കിട

൧൫൦. സ്നേഹഭാജനതയാന്ന=സ്നേഹഭാജനമായ, ഹൃത്തിൽ ഈ (എന്റെ) ഹൃദയത്തിൽ. പാററ=ശലഭം. പരമാമഹസ്സ്=ബ്രഹ്മജ്യോതിസ്സിനെ. തഴുകികഴിഞ്ഞു=ആശ്ലേഷിച്ചുകഴിഞ്ഞു. പ്രാപി ച്ചുപോയി എന്നു സാരം.

൧൫൧. തനുഭൃത്തുകൾ=ശരീരികൾ. അസുബന്ധം=പ്രാണബന്ധം. പരിപാകം=വേവൽ, മൂപ്പം.

൧൫൨. മലർ=പൂവ്. തൃണാഞ്ചലം=പുല്ലിൻതുമ്പ്. ഹിമബിന്ദു=മഞ്ഞുതുള്ളി. വപുസ്സ്=ശരീരം.

പൂവ് അടയാനും മഞ്ഞുതുള്ളി വീഴാനും കുറെ പ്രയാസമുണ്ടായേക്കാം അവകൂടി നിന്റെ മരണസുഖം കൊതിച്ചെന്നുവരാം. അത്ര അത്ര എളു മായിരുന്നു എന്നുസാരം.

൧൫൩. മധുരീകരിച്ചു=മധുരിപ്പിച്ചു. സുകുമാരചേതനന്മാർ=മൃദുവായ ആത്മാവുള്ളവർ. ഭവജ്ജിതൻ=നിന്നാൽ തോല്പിക്കപ്പെട്ടവൻ. ജന്തുഭീകര ജീവികൾക്കു ഭയംജനിപ്പിക്കുന്ന കല്പകളോടുകൂടിയവൻ. ഖരൻ=ക്രൂരൻ മൻ=കാലൻ.

൧൫൪. ജാതസൌഹൃദം=സ്നേഹത്തോടുകൂടി. ജാത=കട്ടി.

൧൫൫. സമഗ്രം=സമ്പൂർണ്ണം. ഭോഗലാഭം=സുഖങ്ങളാൽ ദെ യുണ്ടാക്കുന്നതു്.

൧൫൬. വിഗതരാഗം=രാഗമററ.

൧൫൭. കോരകം=മൊട്ട്. മധു=തേൻ. പ്രണയം=അനുരാഗം.

൧൫൮. ചിരസമാഗമം=വളരെക്കാലം കൂടീട്ടുള്ള ചേർച്ച. അല്ലെ കൂടിക്കാഴ്ച. അനുതപിക്ക=പശ്ചാത്താപിക്ക.

Digitized By Kerala Sahitya Akademi

൧൭൯. ബന്ധുരാംഗം=അംഗത്തോടുകൂടി. വനവായുലീനായ്=കാട്ടിലെക്കാറ്റിൽലയിച്ച്. സിദ്ധസന്തതി=സിദ്ധസമൂഹം. സിദ്ധന്മാർ=ഒരുവക ദേവജാതികൾ.

൧൮൦. ആകുലത്വം=വ്യസനം. കലിതഗുണദീപികഃ=ശ്രേഷ്ഠഗുണങ്ങൾക്കു ദീപമായുള്ളവർ.

൧൮൧. വേണി=മുടി. നിർഝരശ്രേണി=അരുവിക്കൂട്ടം. ക്ഷോണി=ഭൂമി. കന്ദരനിരുദ്ധമന്ദ്രാ=ഗുഹകളിൽ തടഞ്ഞ ശബ്ദത്തോടുകൂടി.

൧൮൨. നീലവിയന്നടു=നീലആകാശത്തിന്റെ നടുവിൽ. ഭാനു=സൂര്യൻ.

൧൮൩. ഉപദേശഭാജനം=ഉപദേശത്തിനുപാത്രം, ശിഷ്യജനം.

൧൮൪. സിദ്ധിയന്നോ=സമാധാനിയായോ. മഹിതതീർത്ഥഭൂമി=ശ്രേഷ്ഠമായ പുണ്യസ്ഥലം.

൧൮൫. ധർമ്മലോപം=ധർമ്മത്തിനു കുറവു്. ധർമ്മം=ന്യായം. ... ദുഃഖം.

൧൮൬. ഉൾസാഹം=ഉള്ളിലെ ഉറപ്പു്. ആ മഹാൻ പിന്നെയും നിജയമം (സഹജമായ മനസ്സമാധാനം) ആർന്നു എന്നഭിപ്രായം. ഹൃദയലീനഹേതുവാൽ=ഉള്ളിൽ മറഞ്ഞ കാരണത്താൽ.

൧൮൭. കൃതനിയമ=അനുഷ്ഠാനങ്ങൾ കഴിഞ്ഞവൾ. കാഷായവേഷ=കാവിവേഷമുള്ളവൾ. ശവം=ശവം. ഹതശിശു=കൊല്ലപ്പെട്ടകിടാവു്. ദീന=ദുഃഖിത. ധേനു=പശു.

൧൮൮. ആമന്ത്രണംചെയ്തു=വിളിച്ചു. ദളിതയമിവപുസ്സായ=ദളിതമായ യമിയുടെ ശരീരത്തോടുകൂടിയവളായ (യമിയുടെ ദേഹത്തോടു ചേർന്നിരിക്കുന്നതു് എന്നു സാരം) ദളിതഹൃദയ=പിളർന്ന ഹൃദയത്തോടുകൂടി (വലിയ ദുഃഖമുള്ളവളെന്നു സാരം) ശാന്തി= ശാന്തിക്കാരൻ. ബിംബം=വിഗ്രഹം ഗളിതസുഷമ=കാന്തിപോയതു്,വാടിയതു. നിർമ്മാല്യമാല്യം=ചാർത്തികഴിഞ്ഞമാല. ദളിതഹൃദയ എടുത്തു ചൂടുന്നു് അനാഥം.

Digitized By Kerala Sahitya Akademi

൫൯. അനന്യസാധ്യമൊട്ട=അന്യോന്യം സഹായിച്ച് (പെരുംകൂടി എന്നസാരം) നീലകശാസ്തരത്തിൽ=പച്ചതീട്ട വിരിച്ചതിൽ. ന്യസ്തമാക്കി=കിടത്തി. വനൃഭഹസ്തഗളിതം=കാട്ടാനയുടെ തുമ്പിയിൽ വീണത്. ബിസപുഷ്പം=താമരപ്പൂവ്. അന്യൂനദീനത=ഏറ്റവും ദയനീ ശുചം=ശോക.

൬൦. അല്പംവലഞ്ഞു=കുറെ ദുഃഖിച്ചു. വൃത്ത=ചരിത്രം ഉള്ളുന്ന ധർ=ജ്ഞാനികളായവർ. ചൊൽപ്പൊങ്ങും=പ്രസിദ്ധമായ. ഗിരിജ=ശ്രു തി. ചേവടി=പാദം. കല്പിച്ചു=തീർപ്പെടുത്തി. ഖനനം=കഴിച്ചിട്ടൽ. യോഗിയോഗ്യം=ശ്രേഷ്ഠയോഗികൾക്ക തക്കതായ.

൬൧. നിവാപവിധി=ഉദകക്രിയ. നിക്ഷിപ്തം=നിക്ഷേപം. സ്മരം=ശവക്കല്ല്. കൃപണർ=ലുബ്ധർ, പ്രാകൃതർ. പ്രവാസം=വിദേ സം. ദിവാകരൻ=ആ പേരുള്ള നായകൻ, സൂര്യൻ എന്നും.

൬൨. ലോകരക്ഷണമാനസകൻ=ലോകരക്ഷണ[illegible] [illegible] നിർമ്മലമായത്. അഘം=പാപം. ഇന്ദ്രിയങ്ങൾ=ദു ഖങ്ങൾ.

൬൩. അമോഘം=സഫലമായി. അവസിതിവിധി=അവസ ത്യം. അവിദിതതനുപാതം=ശരീരനാശം അറിയാത്ത. വിസ്മയയോഗ ഉത്കരമായയോഗം. ആർജ്ജിച്ചു=സമ്പാദിച്ചു. അവിരതസുഖം=നി ഖം. ബ്രഹ്മത്വം=ബ്രഹ്മഭാവം. ആ മഹാൻ ബ്രഹ്മലയമാകുന്ന നിത്യ പ്രാപിച്ചു എന്നു സാരം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi